ॐ

# ശ്രീധരന്റെ
# വേദാന്ത വിഹായസ്

പ്രസാധകർ:-

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി

കായംകുളം

ഓം

ശ്രീധരന്റെ

# വേദാന്ത വിഹായസ്

പ്രസാധകർ:-
ശ്രീധരദേശം ട്രസ്റ്റ്
ഗോവിന്ദമുട്ടം P.O., പുതുപ്പള്ളി
കായംകുളം

Malayalam
Sreedharante Vedanda Vihayass
ശ്രീധരന്റെ വേദാന്ത വിഹായസ്സ്

Author
**Sadhu Sreedharan Nair**

Published by:
**Sreedhara Desam Trust**
Govindamuttam P. O.,
Puthuppally, Kayamkulam.

Printed at
**Asan Printers, Kottayam.**

Copies 500
Copyright Reserved

14th April 1990
1st Medom 1165

# ഓം

## ശ്രീ ഗുരവേ നമഃ

ജ്ഞാനമാർഗത്തെ എടുത്തു കാട്ടുന്നതിലേക്കായിട്ടാണ് ഇതെഴുതിയിട്ടുള്ളത്. ഞാൻ പഠിച്ചതും, അറിഞ്ഞതും, അനുഭവിച്ചാസ്വദിച്ചിട്ടുള്ളതുമായ ചില കാര്യങ്ങളാണിതിലെ പ്രതിപാദ്യത. ജ്ഞാനാന്വേഷികൾക്ക് ഒരാശയമെങ്കിലും കൂടുതൽ കിട്ടുന്നുവെങ്കിൽ ഇപ്രയത്നം ഫലവത്തു തന്നെ.

സുലളിതമായ മാർഗമവലംബിച്ച് സാംഖ്യയോഗജ്ഞാനങ്ങളെ വേണ്ടവിധത്തിൽയോജിപ്പിച്ച് ജ്ഞാനമാർഗം തന്നെയെന്നു കാട്ടി ബോദ്ധ്യപ്പെടുത്തി പ്രയോഗിച്ചിരിക്കുന്ന ഈ ജ്ഞാനശകലങ്ങൾ ഇതുവായിക്കുന്നവർക്കും, കേൾക്കുന്നവർക്കും, പറഞ്ഞറിയുന്നവർക്കും ഉത്തേജനത്തെ ചെയ്യും.

എനിക്കു സംശയമില്ല

അത്രമാത്രം

ഓം

ശ്രീധരദേശം,
2—4—1990.

ഗ്രന്ഥകർത്താവ്

ഓം

# ശ്രീധരദേശം ട്രസ്റ്റ്

## പ്രസിദ്ധീകരണങ്ങൾ

ശ്രീഗോപാല ഗീതാ
വിദ്യാസാഗരസന്ധ്യ
ഗുരു പ്രണാമം
വേദാന്തസാരം (പുനഃപ്രകാശനം)
ശ്രീധരബോധ മനനം
ഉത്തരഗീതാ—(പുനഃപ്രകാശനം)
രാമഗോപാലം
ശ്രീധര വചനാമൃതം-I
,, ,, II
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
സാധു നിശ്ചലദാസൻെറ വിചാരസാഗരം
(പുനഃപ്രകാശനം)
ശ്രീധരൻെറ വേദാന്തബോധസുധ
അദ്വൈത ശ്രീധരം
ശ്രീധരം
ശ്രീധരൻെറ വേദാന്തസരണി
ഉപനിഷത് ശ്രീധരപ്രകാരം
ശ്രീധര ശ്രീധരം
ബാലശ്രീധരം
വേദ വേദാന്ത സമന്വയം
ആത്മസുധ
ശ്രീധരൻെറ വേദാന്ത വിഹായസ്

ഓം

ശ്രീഗുരവേ നമഃ

# ശ്രീധരൻെറ
# വേദാന്ത വിഹായസ്

വേദാന്ത വിഹായസ് ചിത്തവൃത്തി രഹിതമായ ചിദാകാശമാണ്. ഇതിൽ സ്വച്ഛന്ദം കടന്ന് അതിലെ ബോധ പൊരുളുകളാസ്വദിക്കാം.

''വിശ്വം ദർപ്പണദൃശ്യമാന നഗരീ-
തുല്യം നിജാന്തർഗതം
പശ്യന്നാത്മനിബഹിരിവോ-
ദ്ഭൂതം യഥാനിദ്രയാ
യഃ സാക്ഷാത്കുരുതേ പ്രബോധസമയേ
സ്വാത്മാനമേവാദ്വയം
തസ്മൈ ശ്രീഗുരുമൂർത്തയേ നമഃ ഇദം
ശ്രീ ദക്ഷിണാമൂർത്തയേ''

വിശ്വമായി കാണപ്പെടുന്നതു് ഒരുവൻെറ അന്തരംഗത്തിൽ കണ്ണാടിയിൽ നഗരം പ്രതിബിംബിച്ചു് കാണും പോലെ പ്രതിബിംബിച്ചു കാണുന്നവയാണ്. ചിത്തമെന്നതു് മായാങ്കുരമാണ്. ഈ മായാങ്കുരത്തിൽ പതിക്കുന്ന ആത്മാ അല്ലെങ്കിൽ ബ്രഹ്മം വർണ്ണരാജിയിൽ പതിച്ച നിർമ്മലരശ്മി പോലെ പലതായി ഭേദിച്ചുകാണുന്നു. ഇപ്രകാരം അറിയപ്പെടുന്ന പ്രപഞ്ചത്തെ ഒഴിവാക്കുന്നതിന് ത്രിവശങ്ങളുള്ള വർണ്ണജനിയെ ഒഴിവാക്കും പോലെ അന്തരംഗത്തിലെ ത്രിഗുണാത്മകവൃത്തി ഒഴിവാക്കണമെന്നു താല്പ

രൃപ്പെടുകയാണ്. ഇതുപോലെ യോഗവും നിർദ്ദേശിക്കുന്നുണ്ട്. ജ്ഞാനം ജ്യോതിസാം ജ്യോതിർപ്രഭ കൊണ്ട് മായാ ഘോരാന്ധകാരത്തെ ഉന്മൂലനം ചെയ്തു പരിലസിക്കുന്നു. ജ്ഞാനി എങ്ങനെ ഈ മായാന്ധകാരത്തെ നിഷ്കാസനം ചെയ്യുന്നു എന്നു പഠിക്കാം. ഈ ജഗത്ത് കണ്ണാടിയിൽ പ്രതിഫലിച്ചു കാണുന്ന നഗരത്തെ പോലെയും, ഉറക്കത്തിൽ കുഞ്ഞുങ്ങൾ ഭൂതത്തിനെ കാണുന്നതുപോലെയുമാണ് എന്നു പറഞ്ഞുതരുന്നു. കണ്ണാടിയിൽ നഗരമില്ല. ഉറക്കത്തിൽ കുഞ്ഞു കാണുന്ന ഭൂതവുമില്ല. ഇങ്ങനറിഞ്ഞു ജഗത്തിനെ നിരാകരിക്കുക.

സാക്ഷാത്ക്കാരസമയത്ത് ബോധം ഉജ്ജ്വലത്തായിനിൽക്കുന്ന സമയത്തിൽ ആത്മാവിനെ അദ്വയ ഭാവത്തിൽ അറിയുന്നു. ഇപ്രകാരം ബോധോദയത്തെ ചെയ്ത് ആത്മബോധമുദിപ്പിക്കുന്ന വിശേഷജ്ഞാനിയായ ശ്രീദക്ഷിണാമൂർത്തിക്കായിക്കൊണ്ട് നമസ്ക്കാരം.

''ഓം ഭൂർ ഭുവ സ്വ തത്
സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോനഃ പ്രചോദയാത്''

മുമ്പുണ്ടായിരുന്ന സർവ്വവും ഇപ്പോൾ നിലവിലുള്ള സർവ്വവും സ്വ ആത്മാവുതന്നെ ആയ അത് അത് എന്നു ശ്രുതിഘോഷിക്കുന്നതായ സവിതുർ തന്നെയാണ് വരിക്കപ്പെടേണ്ടവൻ, ചൈതന്യാത്മകനായ തേജസും, ഭർഗ്ഗനും അതുതന്നെ. അപ്രകാരമുള്ള അത് ഗുരുസ്വരൂപൻ എനിക്കു വേണ്ട പ്രചോദനത്തെ ചെയ്യട്ടെ.

വേദത്തെ പുരസ്ക്കരിച്ചുപറയുമ്പോൾ വേദത്രയീ എന്നു പറയാറുണ്ട്. ഇതുകൊണ്ട് വേദം മൂന്നെണ്ണമെന്നും നാലാമത്തേതായി പറയപ്പെടുന്ന അഥർവവേദം വേദത്തിൽപ്പെട്ടതല്ലെന്നും കരുതരുത്. മഹാവാക്യങ്ങൾ എവിടേയും ഒരുപോലെ ആദരണീയമായിട്ടാണ് കാണപ്പെടുന്നത്. ഇതിനെ ഓരോന്നിനെയും ഓരോ വേദങ്ങളാണ്

പ്രദാനം ചെയ്യുന്നതു്. അതിൽ അഥർവവേദവും പെട്ടുന്നുണ്ടു്. നാടോടി വ്യാഖ്യാനങ്ങളിലെങ്ങനെയിരുന്നാലും മഹാവാക്യങ്ങൾ പോലെ സർവ്വാദരണീയവും, മഹത്വവും ഉററ മറെറാരു വരികളും വേദവേദാന്തങ്ങൾ പ്രതിപാദിക്കുന്നില്ല എന്നാണ് വേദാന്തസമ്മതം. ഇതിനെ നിരാകരിക്കാനോ അന്യഥാകരിക്കാനോ വേദവാദികൾ പോലും മുതിരരുത്. വേദത്തിൻെറ ഫലമാണ് മഹാവാക്യങ്ങൾ, അതു് നിഷേധാത്മകമല്ല, വന്ദനീയങ്ങളായ ലോകോത്തര മോക്ഷ കവാടമാണ്.

വാഴപ്പഴം വാഴയുടേതാകുന്നതുപോലെ വാഴയുടെ അന്തിമ അഭിലാഷമാകുംപോലെ ഉപനിഷത്തുകൾ വേദത്തിൻെറ അന്തിമ അഭിലാഷവും ഫലവുമാണ്. ഇവകൾ ബ്രഹ്മജ്ഞാനികളാകാൻ ശ്രമിക്കുന്ന തീവ്ര ജിജ്ഞാസുക്കൾക്കു സർവ്വാദരണീയങ്ങളും അത്യന്ത നിവിർത്തിദായകവും ഏക പുരുഷാർത്ഥമായ നിത്യമുക്തിദായകവുമാണ്. ഇവകൾ ശ്രുതിസ്മൃതി പുരാണങ്ങളിൽ കൂടി പഠിക്കേണ്ടതല്ല. അവ ശ്രവണ മനന നിധിദ്ധ്യാസനത്താൽ പ്രാപിക്കപ്പെടേണ്ടവയാണ്. വേദത്തിൽ വേദത്രയീ എന്ന ഭാവമുണ്ടു്. അതു്വേദം മൂന്നെന്നല്ലാ ഭാവം മൂന്നെന്നറിയണം. ഭക്തി, യോഗം, ജ്ഞാനം.

ഭക്തി ഈശ്വരങ്കൽ അലിഞ്ഞു ചേരലാണ്. വേദത്തിലൂടെയാകുമ്പോൾ പരമാത്മാവിൽ അലിഞ്ഞുചേരലാവും. വേദാന്തത്തിൽകൂടിയാകുമ്പോൾ ആത്മാവിൽ അതായതു് ബ്രഹ്മത്തിൽ ചേരലാവും. ബ്രഹ്മമായ് നിലകൊള്ളലാവും; അങ്ങനങ്ങനെ വന്നുകൂടും. ഈ ത്രിവിധമാർഗ്ഗവും ഉൾക്കൊള്ളുകകൊണ്ടാണ് ത്രയീ ഭാവത്തിൽ വിവരിക്കപ്പെടുന്നതു്. ഭക്തി അലിഞ്ഞുചേരലെങ്കിൽ യോഗം യോജിപ്പിച്ചെടുക്കലാകും. ജ്ഞാനം ഏകനില അറിഞ്ഞു നിലകൊള്ളലാകും. വിപരീതഭാവന എന്ന ചിത്തവൃത്തി നിരോധിക്കലാകും. സാംഖ്യേ ത്രിദോഷ സംഹാര നില എടുത്തു നിലകൊള്ളലാകും. എല്ലാററിലേയും ഉത്തമ ജിജ്ഞാസുക്കൾ അതിവേഗം സമാന്തര പ്രയാണം ചെയ്യുന്നതായി കാണാം.

ശബ്ദം ഭക്തിയുമായി വളരെയടുത്തു് ബന്ധം പുല ത്തുന്നവയാണ്. ശബ്ദം രസാത്മകമാണ്. ഭക്തിയും രസാത്മകമാണ്. ജ്ഞാനവും അഖണ്ഡൈകരസം വരു മ്പോഴാം രസാത്മകമാകുന്നുണ്ടു്. യോഗാനന്ദം എന്നു് ഒന്നിനെ പിടിച്ചു് ചിററിമ്പത്തെ പോലും രസാത്മകമാ ക്കുന്നുണ്ടു്. ഇങ്ങനെ ഇവയെല്ലാം സമാന്തരപ്രവാഹം കാട്ടു ന്നുണ്ടു്.

പരമ പ്രേമാഭക്തി എന്നാണ് ഭക്തിനിർവചനം. ആ പരമമായ പ്രേമം ആത്മപ്രേമമാണെന്നും പററുതലററ താണെന്നും നിഷ്ക്കളങ്കമാണെന്നും കാട്ടി മറെറല്ലാ പ്രേമ ത്തിനും കുറവുകാട്ടി തള്ളി സിദ്ധാന്തവൽക്കരിച്ചതാണ് മുൻ നിർവചനത്തിലെ ''പരമ പ്രേമാഭക്തി'' അതു് ആത്മ പ്രേമമാണെന്നു സ്പഷ്ടം.

ശബ്ദ ഗുണകമാകാശമെന്ന സിദ്ധാന്തത്തിൽ ശബ്ദം ആകാശത്തിൻേറതാണെന്നും ശാസ്ത്രം വിധിക്കു ന്നു. ആകാശത്തിന്നാധാരമായി നിൽക്കുന്നതു് ശബ്ദവും ശബ്ദാധാരം ആത്മാവുമാണ്. എങ്ങനെയെന്നാൽ ശബ്ദ ഗുണകമാകാശം നിശബ്ദം ബ്രഹ്മലക്ഷണം. ഇങ്ങനെ ബ്രഹ്മത്തോട്, ശക്തിയോടുകൂടിയ പരമാത്മാവോട് വളരെ അടുത്തുനിൽക്കുന്നതാക കൊണ്ടു് ശബ്ദം യോഗദാ യിനിയെന്നോ ബ്രഹ്മാത്മൈക്യ ദായിനിയെന്നോ കാണാവുന്നതാണ്. ഇതുകൊണ്ടാണ് ശബ്ദബ്രഹ്മം കടന്നു് ലക്ഷണ ബ്രഹ്മത്തിലെത്തുവാൻ പറഞ്ഞു കാണു ന്നതു്. ഇങ്ങനെ ആത്മാവിലേക്കു് അഥവാ ബ്രഹ്മ ത്തിലേക്കു് വഴികാട്ടുന്നതുകൊണ്ടാണ് ശബ്ദവും ഭക്തി യും വേദസമ്മതമാജ്ജിച്ചതു്.

അടുത്തതു് യോഗമാണ്. വിയോഗിച്ചുപോയബ ന്ധത്തെ യോജിപ്പിലെത്തിച്ചാലുണ്ടാകുന്നആഹ്ലാദം അളവ ററതാണ്. ചിത്തവൃത്തി വ്യാപ്തിയാൽ വിഘടിച്ചതായി തോന്നിയ ആത്മാവിനെ യോജിപ്പിലെത്തിക്കകൊണ്ടാ ണ്യോഗമായതു്. ഇതിനെ സ്വല്പംകൂടി വിവരിക്കാം. ചിത്തവിഭ്രാന്തിവിധേയനായ അഥവാചിത്തവൃത്തിദ്വാരാ

ന്നോക്കുന്ന ആത്മാവിനെ, സ്വ നിലവിട്ട് വിഷാദമഗ്ന നാക്കി തീർത്തതിനെ മാററി പൂർവ്വസ്ഥിതിയിൽ കൊണ്ടു വന്നു് ആത്മഭാവംകാട്ടി ഉദ്ധരിക്കലാണ് യോഗം നിർവ്വ ഹിക്കുന്നതു്.

വേദമന്ത്രത്തിലെ പ്രാർത്ഥനാ രൂപത്തിൽ പോലും ഈ യോഗം സ്പുടമായി എത്തുപ്പെടും. ജ്ഞാനത്തെ എടു ത്താൽ വേദമാകമാനം ജ്ഞാനമെന്നു തെളിയിക്കുവാൻ പ്രയാസമില്ല. അതിലെ വസ ഒരുക്കം ഉലക്കയടിപോലും അനുഭവജ്ഞാനത്തെ സുവ്യക്തം കാട്ടുന്നവയാണ്. ഇതിനെയെല്ലാം ചിത്തവൃത്തി നിരോധേന പഠിച്ചാൽ അത്ഭുതജ്ഞാന ഭണ്ഡാകാരമെന്നു ബോധ്യം വരും. അല്ലാ തെ പ്രാകൃത വ്യവസ്ഥയിൽ നിർബന്ധമെന്നതല്ല അതി ൻെറ കാതൽ. അപ്രകാരം ചെയ്യുമ്പോളുണ്ടാകുന്ന മാനു ഷിക യോഗധാരണ ശ്രദ്ധേയമാക്കലാണതിൽ അവതരി പ്പിക്കപ്പെടുന്നതു്.

വീണ്ടും തനി ജ്ഞാനത്തിലേക്കു തന്നെ കടക്കാം. ഉപനിഷത്തുകളാണിതിൻെറ വിളനിലം. ബ്രഹ്മസൂത്ര വും മഹത്ഭാഷ്യങ്ങളും ജ്ഞാനദായിനികളെങ്കിലും അതി ലറിയപ്പെടുന്ന വളച്ചൊടികളും ഭ്രഷ്ടും ഒഴിവാക്കി പഠിക്ക ണം. അവകളിലങ്ങനൊന്നുമില്ലെന്നു പറഞ്ഞതുകൊണ്ടു് പ്രയോജനമൊന്നുമില്ല. ആകയാൽ നിസംകോചം ആരേ യും ഭയപ്പെടാതെ ശാസ്ത്രം തെളിച്ച വഴിയേ കടന്നുപോ കുക.

ഓം പൂർണ്ണമദ; പൂർണ്ണമിദം  
പൂർണ്ണാത് പൂർണ്ണമുദച്യതേ  
പൂർണ്ണസ്യ പൂർണ്ണമാദായ  
പൂർണ്ണമേവാവശിഷ്യതേ  
ഓം ശാന്തി! ശാന്തി! ശാന്തി!

സർവശാസ്ത്ര സമ്മതമായ ഈ സിദ്ധാന്തം വിജ്ഞാനലോകം മുഴുവൻ തന്നെ ആദരിക്കുന്ന ഒന്നാണ്.

ഓം എന്നതു പൂർണ്ണമാണ്. ഇതു് ബ്രഹ്മംതന്നെയാണ് ഇങ്ങനെല്ലാമെങ്ങനെ സാദ്ധ്യമെന്നു കാട്ടാം. ഇതുതന്നെ നമുക്കൊന്നു വിശകലനം ചെയ്തു പഠിക്കാം. പൃഥിവി അപ് തേജോ വായുരാകാശ ഇവ അഞ്ചു ഭൂതങ്ങളും ശബ്ദസ്പർശ രൂപ രസ ഗന്ധങ്ങൾ ഗുണതന്മാത്രകളുമാണ്. തന്മാത്രകൾ ഘനീഭവിച്ചാണ് ഭൂതഭാവന കൈക്കൊള്ളുന്നതു്. ആദിസൃഷ്ടിക്കുമുമ്പ് സൃഷ്ടിയിൽപെട്ട ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ബ്രഹ്മംമാത്രം സച്ചിദാനന്ദ ലക്ഷണനായി നിലനിന്നിരുന്നു. ഇതു് തനി ബോധം തന്നെയാണ്. ഈ ബോധമണ്ഡലത്തിൽ നിന്നും പ്രധാനം ചിൽ സൂര്യഘോരാതപത്തിൽനിന്നും കാനൽജലം പോലെ അറിയപ്പെട്ടു. അതിൽനിന്നും മഹത്തത്വം ഒന്നിനോടു പൂജ്യം ചേർത്താലെന്നപോലെ വിശാലതയെ പ്രാപിച്ചു. മഹത്തത്വത്തിൽനിന്നും വൈകാരിക പ്രതിഭാസയാൽ ഗുണതന്മാത്രകളും അതിൽനിന്നും ശബ്ദ തന്മാത്ര ഘനീഭവിച്ച് ആകാശഭൂതവും അതപ്പോഴുള്ള ആകമാനത്തെ ആവരണംചെയ്തു് സ്പർശതന്മാത്രയും അതിൻെറ ഘനീഭവരൂപം വായുതത്വമായും അവയേയും ഭൂതങ്ങൾ ആവരണം ചെയ്തപ്പോൾ രൂപതന്മാത്രകളും അതിൻെറ തദ്ഭാവമായി തേജസ്സും അതുകൊണ്ടുമടങ്ങാത്ത വൈകാരിക ശക്തി രസതന്മാത്രനാകയും അതിൻേറയും ഘനീഭവേന അപ്പാകയും അതിനേയും ഭൂതങ്ങൾ ആവരണം ചെയ്തു് ഗന്ധതന്മാത്രയും അതിൻെറ തദ്ഭാവമായി പൃഥിവിയും നിലവിൽ വന്നു.

എന്നാൽ ഇവകളെ നിലനിർത്തി പോരുവാൻ പര്യാപ്തമായ മായാമുകളും പോലെ അന്തക്കരണ ചതുഷ്ടയം പ്രധാനത്തിൻെറ സ്വാത്വികാംശത്തിൽ നിന്നും ഉടലെടുത്തു.

ഇതോടെ വിശ്വം അതിൻെറ എല്ലാ പത്തികളും വിടർത്തുകയായി. ഇതുപര്യന്തമുള്ള ഇവകളെ സാംഖ്യംഭേരോഗമായും, യോഗം ചിത്തവൃത്തിയായിട്ടും ചിത്രീകരിച്ചു. ഇതിൻെറ നിവാരണം എല്ലാ വിരോഗവും ശ്രദ്ധി

ക്കംപോലെ ഉപനിഷത്തുകളും മനോഹരമായി ചിത്രീക രിച്ചിട്ടുണ്ട്. അവകളാണ് പാനവിഷയം.

ആകാശത്തിൻെറ ഗുണം ശബ്ദമാണ്. ആ ശബ്ദത്തിൻെറ പരമമായ നിലയാണ് ഓം കുറിക്കുന്നത്. ഓങ്കാരധ്വനി പൂരകമായി തീർന്ന അഖണ്ഡാകാരവൃത്തി മാൻ മഹാകാശവടിവാർന്നു നിലകൊള്ളുന്നു. ഈ ആകാശ വടിവിൽ കണ്ടുമുട്ടുന്ന ശൂന്യത്തെ നിരാകരിച്ചു കാട്ടുന്ന താണു് ഓങ്കാരധ്വനി. ഇവിടംവരെ മായാബദ്ധനാണ് ആത്മവാൻ. എന്നാൽ ഈ ധ്വനി നിലയ്ക്കുന്നതു് ആത്മാ വിനെ കാട്ടിത്തന്നാണ്. അതായതു് ആ ശബ്ദം എപ്പോഠം നിലയ്ക്കുന്നുവോ അപ്പോഠം അവൻ കൊല്ല്യാൻ പോലെ എന്നു പറഞ്ഞാൽ പോരാ, അത്ഭുതാകാരമായ വിധത്തിൽ പൂർണ്ണനായി ഭവിക്കും. ഇപ്രകാരേണയുള്ളവനെയാണ് ചിദാകാശവടിവരാനനൻ എന്നും മററും പറയുക. അങ്ങനെ ശൂന്യത്തിൽ തന്നെ കണ്ടെത്തുന്നവരെയാണ് നായെരെന്ന പദം ചൂണ്ടിയിരിക്കുന്നതു്. ഇവിടെയെല്ലാം വന്നുചേരു മ്പോഠം ബ്രഹ്മത്തിൻെറ കൂടുതൽ അറിവുകഠം അറിയ പ്പെട്ടു തുടങ്ങും. നിർവികല്പസമാധി ഒന്നൊന്നായി കെട്ട ഴിഞ്ഞു് വ്യക്തം നിലകൊള്ളും.

അഥാതോ ബ്രഹ്മജിജ്ഞാസ എന്ന വചസ്സി ലെ ഉജ്ജ്വലമായ ജിജ്ഞാസ ഇവിടെയാണ് പൂർണ്ണ മായും വ്യക്തമാകുന്നതു്.

ജന്മാദ്യസ്യയത: ആ ആത്മവാനു അനുഭവപ്പെടുന്ന താണ്. ശൂന്യത്തിൽ മുഴങ്ങിക്കേട്ട ധ്വനി സർവ ജഗത്തി ൻെയും കാരണവും അതിനെ അറിഞ്ഞു നിലകൊള്ളുന്ന ചിദാകാശവടിവരാനനായ താൻ സർവബോധത്തിൻെറ യും കാരണമാണെന്നതും.

ശൂന്യത്തിനും—ഇല്ലെന്നറിവിനും—ഇല്ലെന്നറിഞ്ഞ വനുണ്ടെന്നുള്ള അറിവിനും ആധാരമാണ് ബോധം. ആ ബോധമാണ് ബ്രഹ്മം. ആകയാൽ ആ ബ്രഹ്മാന്വേ ഷണം അത്യാവശ്യം തന്നെയാണ്.

കണ്ണാടിയിൽ തന്നെ കാണുമ്പോൾ തന്റെ ശുദ്ധരൂപമോ എന്നും, ശുദ്ധരൂപം എത്തുപെടണമെന്നും ജിജ്ഞാസയുണ്ടാകും പോലെ, ചിത്തവൃത്തിയിൽ തന്റെ ആഭാസം കണ്ടപ്പോൾ തന്റെ യഥാർത്ഥ ചിത്ര്രൂപം എത്തുപെടണമെന്ന വാഞ്ഛ ജനിച്ചു. ചിത്തവൃത്തിയിൽ പ്രപഞ്ചം കണ്ടപ്പോൾ പ്രപഞ്ചാധാര രൂപം കണ്ടെത്താൻ വാഞ്ഛയുണ്ടായി.

സർവ്വഭൂത പ്രപഞ്ചത്തിനും ആധാരമായതു് ബ്രഹ്മം. ഓം അതിന്റെ നാദവും നാമവുമാകുന്നു. ആകാശംമുതലുള്ള സർവ്വ പദാർത്ഥങ്ങളും അതിനാൽ നിറവുററ ജഗത്തും അതിന്റെ വിദ്യാഘടകമായ അ — ഉ — മ് തുടങ്ങിയ നാദ, ബിന്ദു, കല, കലാതീത, ശാന്തി, ശാന്തോപര, ഉന്മനീ, മനോന്മനീ, പുരി, മദ്ധ്യമ, പശ്യന്തി, പര വരെയുള്ള സകല ശബ്ദമാത്രകളും അതിനാൽ കാട്ടപ്പെടുന്ന സകല ഉപരി ഉപരിയായിട്ടറിയപ്പെടുന്ന ഉള്ളായിട്ടുള്ളായിട്ടനുഭവപ്പെടുന്ന അറിവുകളുടേയും യോനിയെന്നോ കാരണമെന്നോ പറയപ്പെടാവുന്നതാണ് ഓങ്കാരധ്വനി.

ഇപ്രകാരമുള്ള ഈ ധ്വനി പൂർണ്ണമാകുന്ന ആത്മവാൻ അതു് അതു് എന്നവലോകനം ചെയ്യുന്ന ബ്രഹ്മവും ഇതു് ഇതു് എന്നറിയുന്ന ശുദ്ധാത്മാവും പൂർണ്ണം തന്നെയാകുന്നു. പൂർണ്ണമായ ബ്രഹ്മത്തി നിന്നും ഉണ്ടായതായി തോന്നിക്കുന്ന ഈ ആത്മാവും പൂർണ്ണംതന്നെയാകുന്നു. പൂർണ്ണത്തിൽനിന്നും പൂർണ്ണമേ ഉണ്ടാകൂ. പൂർണ്ണത്തിൽനിന്നും പൂർണ്ണംതന്നെ എടുത്താലും പൂർണ്ണംതന്നെ അവശേഷിക്കും. ഈ ബൃഹത്സിദ്ധാന്തത്തെ ലോകം മുഴവനംഗീകരിച്ചിട്ടുണ്ടു്. ഇതിന്റെ പാശ്ചാത്യശാസ്ത്രവിവരണമെടുത്താൽ അവർ അതിനെ ഇൻഫിനിറെറന്നപേരിൽ അതേപടി പകർത്തിയിട്ടുണ്ടു്. അതിനവരുടെ വിവരണം— കണ്ടെത്താവുന്ന എല്ലാ പരിണാമത്തെയും കടന്നു നിൽക്കുന്നതു് ദേശദേശാന്തരം വ്യാപിച്ചു് സർവ്വവും കടന്നുനില്ക്കുന്നതു്-അളവററതു്-അന്തമില്ലാത്തതു്-ചൈതന്യം മാത്രമായുള്ളതു് - എന്നൊക്കെയാണ്. ഇപ്രകാരേണയുള്ള ഈ

സിദ്ധാന്തം മാനവലോകത്തിനു് ബ്രഹ്മത്തിൻെറ അപൗരുഷേയ സംഭാവനയാണ്. അതുപനിഷത് ദ്വാരാ ലോകം മുഴവൻ വിതറികഴിഞ്ഞു. ഇനിയിതു് കെട്ടടങ്ങുക സാദ്ധ്യമല്ലതന്നെ.

ഇതിൻെറ പ്രായോഗിക പരിജ്ഞാനമാണു് ഈശാവാസ്യത്തിലെ ആദ്യശ്ലോകംപോലും.

''ഈശാവാസ്യമിദംസർവ്വം
യത്കിഞ്ചിജഗതീത്ര്യയേ
തേന ത്യക്തേന ഭുഞ്ജീഥാ:
മാഗൃധ:കസ്യസ്വിദ്ധനം.''

പരിപൂർണ്ണനായിരിക്കുന്ന ആത്മവാൻ, ഈ ജഗത്തിലുള്ള ഈശ്വരൻ നിറവുററിരിക്കുന്ന താനല്ലാത്തദേഹം തുടങ്ങിയ സകല ജഗദ്ദൃശ്യത്തേയും ത്യജിച്ചുവലവശേഷിക്കുന്ന - ആ പരിപൂർണ്ണനായ, ബ്രഹ്മം തന്നെയായ, താൻ തന്നെയായ ആത്മാവിനെ തന്നെ സ്വീകരിച്ചാനന്ദവാനായ് നിലകൊള്ളുക. പൂർണ്ണമായ ബ്രഹ്മത്തിൽ നിന്നും അവതീർണ്ണനാകകൊണ്ടു് ബ്രഹ്മംതന്നെ ആത്മാവ്.

ഭ്രഷ്ട് ഒന്നും ഭവിച്ചില്ല. ഭവിക്കുകയുമില്ലതന്നെ. പൂർണ്ണംതന്നെ ആണല്ലോ ബ്രഹ്മത്തിൽനിന്നും അറിയാനവതീർണ്ണനാകുന്ന അറിവുററാത്മാവ്.

അതിങ്ങനെയിരിക്കെ ഈശ്വരസൃഷ്ടിയായ ഒരു ലോകമുണ്ടാകുകയും അതു് ദുഃഖകോട്ടയായി ചമയുകയും ചെയ്ത ഒരനുഭവകഥയാണിന്നു് നമ്മെചിന്താമഗ്നനാക്കുന്നതു്.

ഈശ്വരനു് സൃഷ്ടി വേണമോ?

സൃഷ്ടി ആർത്തിയോടെ ആഗ്രഹത്തോടെ പ്രളയാന്തർഗതരായി ചമഞ്ഞുപോയ ജീവരാശിയുടെ ആഗ്രഹസാദ്ധ്യത്തിനാണു്, ഈശ്വരൻ സൃഷ്ടിക്കു ചുമതല ഏററതെന്നു് ഒരു സിദ്ധാന്തംതന്നെയുണ്ടു്.

ഓരോ വ്യക്തിയുടേയും ഓരോ ജീവൻെറയും ആദ്യ ജന്മം ആരെങ്ങിനെകൊടുത്തു. അവരുണ്ടാകുന്നതിനുമുമ്പ് അവർതന്നെ ജന്മം നല്കുകയില്ല. ഈശ്വരൻ സ്വകാരണനാണെങ്കിൽ കൂടിയും സഹകാരികാരണ കൂടിയില്ലെങ്കിൽ ജന്മമസാദ്ധ്യമാണ്.

സ്വകാരണകാരകത്വം ഈശ്വരനേറെറടുക്കുന്നുവെങ്കിൽ ആ ജീവൻെറ സ്വ ച്ഛമതലയും ഈശ്വരനിലാണ് കുടികൊള്ളുന്നത്. എങ്കിൽപിന്നെ കർമ്മചങ്ങലയിൽ കെട്ടേണ്ടയല്ലോ. അവനവൻെറ കർമ്മഫലമാണവനവനനുഭവിക്കുന്നതെന്ന് പറയേണ്ടയല്ലോ.

ഇവിടംവരുമ്പോൾ മറെറാരു സിദ്ധാന്തവുമായി ചാടിവീഴാറുണ്ട്. ജഗത്തും, ആത്മാവും, ഈശ്വരനും നിത്യമുള്ളതും ആദിയില്ലേ ഉള്ളതുമാണ്. അതിനെ അതാതിൻെറ കർമ്മമാണ് പിന്തുടരുന്നത്. ജഗത്ത് നിർജ്ജീവമാണ്. അതിനെ സുഖദുഃഖങ്ങൾ ബാധിക്കയില്ല. കർമ്മവുമവക്കില്ല. ഈശ്വരൻ സർവ്വശക്തൻ, സർവ്വവ്യാപി, ദുഃഖരഹിതൻ തുടങ്ങിയ ശ്രേയസ്സെല്ലാം തികഞ്ഞതാണ്. അതിനെ പാപാദികൾ ബാധിക്കയില്ല. ആ പരമാത്മാവിനെ വാഴ്ത്തുന്നതിനു അപൗരുഷേയവേദവും വന്നുചേർന്നിട്ടുണ്ട്. ശ്രീകൃഷ്ണൻ പരമാത്മാവെന്നു പുരാണങ്ങൾ ഘോഷിക്കുന്നു. ശ്രീരാമനും പരമാത്മാവെന്നു പുരാണസമ്മതമുണ്ട്. എന്നാൽ വേദംപോലും അപൗരുഷേയമെന്നിരിക്കുമ്പോൾ പരമാത്മാ പുരുഷ വിധേയമാകുമോ? മഹാവിഷ്ണു പരമാത്മാവാണ്, മഹേശ്വരൻ പരമാത്മാവാണ്, ബ്രഹ്മാവ് പരമാത്മാവാണ്. അങ്ങനെ പുരാണ സമ്മതനായ പരമശിവൻ തന്നെ പറയുന്നു താൻ പരമാത്മാവല്ല.

''ആകാരാദി പരിച്ഛിന്നേ
മിതേവസ്തുനി തത്കൃത
അകൃത്രിമമനാദ്യന്തം
ദേവനം ചിച്ഛിവംവിദു:''
''നദേവ പുണ്ഡരീകാക്ഷോ
നചദേവസ്ത്രിലോചന:
നദേവ ദേഹരൂപോഹി
നദേവശ്ചിത്തരൂപക
അകൃത്രിമമാനാദ്യന്തം
ദേവനം ദേവ ഉച്യതേ.''

പിന്നെ തഴയേണ്ടതു് വേദസമ്മതമുണ്ടെന്നു പറയുന്ന ത്രിത്വസിദ്ധാന്തമാണു്. ഇതു പററുകില്ലെന്നു് പരക്കെ സമ്മതമാണു്.

ഏകമേവാദ്വിതീയം ബ്രഹ്മം എന്നിരിക്കെ പലതുകാണാൻ പ്രധാനം ഇളകിവശായി. പ്രധാനം ബ്രഹ്മത്തിൻെറ ശക്തിവിശേഷമാണു്. ഒരവസരത്തിൽ വായുവും അഗ്നിയും മററും ആത്മാവിനെ കവച്ചുകടക്കാൻ ശ്രമിച്ച കേനത്തിലെ കഥ പരക്കെ സമ്മതമുള്ളതാണല്ലോ. ഒടുവിൽ ബ്രഹ്മം അവകളെ സമ്മതിപ്പിച്ചു് ബോധബ്രഹ്മം ഉപരിയായി നിലനിന്നതോർക്കമെല്ലോ. അതുപോലെ ഇവിടെയും അറിയേണ്ടതുണ്ടു്. പറയാം. പ്രധാനവും, മഹത്തത്വവും, മനസ്സും ഒക്കെതള്ളി നമുക്കു് ആകാശത്തേക്ക കടക്കാം. പഞ്ചഭൂതങ്ങളിൽവച്ചു് ആകാശം അദ്വിതീയനാണല്ലോ. പക്ഷേ അതിനെ ബ്രഹ്മത്തിൽനിന്നും വേർതിരിച്ചുകാട്ടാൻ ശബ്ദതന്മാത്രകളെ എടുക്കേണ്ടിവന്നു. ആ ശബ്ദതന്മാത്രകാംക്കു് നിലകൊള്ളുവാൻ അവകാശങ്ങാം തുറന്നുകൊടുക്കേണ്ടിവന്നു. അങ്ങനെ ബ്രഹ്മത്തിൽനിന്നുമുള്ള ജഗത്സൃഷ്ടിക്കു് മഹത്ത്വാദ്യഹങ്കാരങ്ങാംക്ക പുറമേ വസ്തുതത്വസ്ഫുടതയിലേക്ക വന്നപ്പോാം ആകാശമായി അതിനെ കാട്ടുവാൻ അതും ബ്രഹ്മവുമല്ലാത്ത ഒരു ഗുണ

തന്മാത്രകളും അതിന്റെ വ്യവഹാരത്തിലേക്ക് ഒരു അവകാശസ്ഥാനവും ആ അവകാശത്തിൽ പ്രത്യേക ശബ്ദപ്രക്രിയകളും ഇങ്ങനെ ഇങ്ങനെ ഉണ്ടായി സർവ്വവിസ്താരത്തോടു കൂടിയ ഈ ജഗത്തും ഉൽപ്പന്നമായി എന്നു പറയേണ്ടിവരും. അങ്ങനെ മൂന്നിനെ തിരിച്ചുകാട്ടണമെങ്കിൽ എണ്ണമററ പദാർത്ഥസൃഷ്ടി ചെയ്യേതീരൂ. ഇതുപോലെതന്നെ അഹങ്കാര പ്രപഞ്ചവീക്ഷണത്തിലും പലതും കണ്ടെത്താം. ഇതെല്ലാം വിസ്മരിച്ച് ഞാൻ പിടിച്ചമുയലിനു നാലുകൊമ്പെന്ന കഴമ്പില്ലാത്തവാദം നിരർത്ഥകമാണല്ലോ. ആകയാൽ വിതണ്ഡനവാദത്തിൽനിന്നും സിദ്ധാന്തവൽക്കരണത്തിലേക്കാണ് നമുക്കു കടക്കേണ്ടതു് അതു:നാക്കാം.

ഏകമേവാദ്വിതീയം ബ്രഹ്മ: ഇതുവരുത്തികാട്ടണ്ട പുരുഷതന്ത്രമല്ല. വസ്തുതന്ത്രമാണ്. അറിവുമാത്രമാണ് ഇവയെ കോട്ടകെട്ടി രക്ഷിക്കേണ്ടകാര്യമില്ല. അറിവിൽ സത്യവും ആനന്ദവും മാത്രമേയുള്ള അതുണ്ടുതാനും. അതിൽ നിന്നും അന്യഥാകാണുന്നുവെങ്കിൽ ആ അറിവ് ഉപാധി പ്പുറത്തേറിയതാണ്. ആ ഉപാധിമാററുമ്പോൾ അതു നിലം പതിക്കും. യഥാർത്ഥ അറിവ് അറിഞ്ഞവനറിയുന്നതാണ്.

ഇനിയും നമുക്കു ചില പുരാണകഥനങ്ങൾ ശ്രദ്ധിക്കാം. വെറുപ്പ് മത്സരകോപങ്ങൾ ഇവ വച്ചുപുലർത്തുന്ന യജ്ഞം താമസവും ധാരാളം പണം ചിലവിട്ടും ആർഭാടമായും കീർത്തിക്കുവേണ്ടി ചെയ്യുന്നതു് രാജസവും, എന്നാൽ വിരക്തരായ മുനിമാർ മുമുക്ഷുക്കൾ മഹത്തുക്കൾ തുടങ്ങിയവർ സർവ്വസാങ്കല്പിക ഒരുക്കങ്ങളോടും മാനസമഖം ചെയ്യുന്നുണ്ടു്. മറേറതുയജ്ഞവും മാനസയജ്ഞംപോലെ പൂർണ്ണമാകയില്ല. മാനസം ഗുണവർജ്ജിതമാക്കി ഇന്ദ്രിയാർത്ഥങ്ങൾവിട്ടു് ഹൃദയം ശുദ്ധമാക്കിയാൽ അവൻ യജ്ഞാർഹനാകും. ഏതെല്ലാമാണോ യജ്ഞത്തിനാവശ്യം അവയെല്ലാം വേണ്ടപോലെ കല്പിച്ച് വിപ്രമുഖ്യന്മാരെ സങ്കല്പേന ചുമതലപ്പെടുത്തി യഥാവിധി യജ്ഞം നടത്തുക. ഇതിനു പോരായ്മകൾ ഉണ്ടാകയില്ല എന്തെന്നാൽ മനോരാജ്യേ അദ്ധ്വരാജ്യം ആരും ആഗ്രഹിക്കുകയില്ല. മുൻ വചസൃ

കൊണ്ടു് ഈ മാനസപൂജാപ്രക്രിയയ്ക്കു് പുരാണസമ്മതം മാത്രമല്ല മാററെല്ലാ പൂജയേക്കാളും മറെറുക്കുടതലുണ്ടെന്നും ഇതു കാട്ടുന്നുണ്ടല്ലോ. അതുപോലെ മനകൃതം കൃതംരാമാ ന ശരീരകൃതംകൃതം എന്ന പറച്ചിൽകൊണ്ടും മനസ്സിൻെറ പ്രഭാവം മനസിലാകുന്നുണ്ടല്ലോ ''മന: ഏവമനുഷ്യാണാംകാരണം ബന്ധമോക്ഷയ--ബന്ധായ വിഷയാസക്തോ മുക്തോനിർവിഷയം മന:'' ഇങ്ങനെ മനോനിയന്ത്രണംകൊണ്ടുമാത്രം മുക്തനാകാനും സാദ്ധ്യമാമെന്നു് ഉപനിഷത് സമ്മതവുമുണ്ടല്ലോ. പോരെങ്കിൽ യോഗശാസ്ത്രനിഗമനവും ചിത്തവൃത്തിനിരോധമാണ് മോക്ഷസാധനമെന്നാണു്. അതുമാത്രമല്ല വൃത്തിവ്യാപ്ത്യാനാം ന ഫലപ്രാപ്തിയെന്നും പറയുന്നുണ്ടു്. ഇവയെല്ലാം മനസിൻെറ നിർമ്മലാവസ്ഥയിലേക്കാണെല്ലോ വിരൽ ചൂണ്ടുന്നതു്.

നിർമ്മലാവസ്ഥയെന്നാൽ പററിയ അഴുക്കിനെ കളഞ്ഞു ശുദ്ധി ആക്കുകയെന്നാണ് ''മനോഹി ദ്വിവിധം പ്രോക്തം ശുദ്ധഞ്ചാശുദ്ധമേവച അശുദ്ധം കാമസങ്കല്പം-ശുദ്ധം കാമവിവർജ്ജിതം'' ആഗ്രഹിക്കാതിരിക്കുക എന്നതൊരു കർമ്മമല്ല. അതുകൊണ്ടു് മനസിനെ നിർമ്മലമാക്കുകയേവേണ്ടു എന്നാണ് ജിജ്ഞാസുക്കരം വിളംബരം ചെയ്യുന്നതു്. ഇതും ജ്ഞാനികളുടെ ഒരു മാർഗ്ഗമാണു്. എന്നാൽ കർമ്മംകൊണ്ടുപോലും വരുത്തുവാൻ പ്രയാസമുള്ള മോക്ഷത്തെ മനശ്ശുദ്ധികൊണ്ടു വരുത്താമെന്നു പറയുന്നതൊരു വ്യാമോഹമാണെന്നൊരഭിപ്രായമുണ്ടു്. ഇതു ശരിയാക്കാൻ കൊണ്ടുവരുന്ന ന്യായം ഉണ്ടായതായ സുഖക്കേടിനു് ഔഷധസേവക്കുപകരം ഞാൻ സേവിച്ചു സേവിച്ചു എന്നു് ആയിരം തവണ സങ്കല്പിച്ചതുകൊണ്ടോ സുഖക്കേടില്ല ഇല്ല എന്നു ധാരമുറിയാതെ പറഞ്ഞതുകൊണ്ടോ വിചിന്തനം ചെയ്യുതുകൊണ്ടോ സുഖമുണ്ടാകുന്നില്ല എന്നുള്ളതാണ്. ഇതിനു് ഒന്നിൻെറയും സമ്മതമില്ല വിശിഷ്യ ഉപനിഷത് സമ്മതമില്ലതന്നെ. എന്തെന്നാൽ ഇവിടെ വിപരീത ഭാവന ഉറപ്പിക്കുവാൻ സത്യവിരോധമാണു് കൈകാര്യം ചെയ്യുന്നതു്. സത്യം ചിത് ആനന്ദം ഇതു് ബ്രഹ്മലക്ഷണമാണ്.

ആകകൊണ്ടു് ഇതു് ബ്രഹ്മദ്വേഷമാ ആകയുള്ള അതാണു കഴപ്പം. മാത്രമല്ല ഇതിങ്ങനെ പറയുന്ന സമയമെല്ലാം താൻ സുഖമില്ലായ്മയിൽ എത്തി എന്നു് മനസ്സ് പെരുമ്പറ മുഴക്കുന്നുമുണ്ടു്. ആകയാൽ അതിനു് ആദ്യം സുഖക്കേടുണ്ടു് എന്ന ചിത്തവൃത്തി മാററി എടുക്കണം. അങ്ങനെ മാററുമ്പോൾ പറയാതെയും പാടാതെയും സുഖക്കേടുകൾ പൊറുക്കും അല്ലെങ്കിൽ മാറും. എന്നാൽ ചിത്തവൃത്തി വിഹീനമായ പരമാത്മ സേവയോടെ പ്രവർത്തിച്ചാൽ ഫലപ്രാപ്തിയുണ്ടെന്നു് ഛാന്ദോഗ്യം മുതലായ ഉപനിഷത്തുകൾ വ്യക്തമാക്കിയിട്ടുണ്ടു്.

''പുരുഷോവാവായജ്ഞസ്തസ്യയാനി
ചതുർ വിംശതിവർഷാണി തത്പ്രാതസവനം
തദസ്യവസവോഽന്വായത്താ:
പ്രാണാവാവാവസവ
ഏതേഹീദാസർവ്വം വാസയന്തി''

ഇതിനെ എല്ലവരും അത്യന്തം ശ്രദ്ധയാ പഠിക്കണം.

പുരുഷൻ തന്നെ ഒരു യജ്ഞമാണു്. അതിന്റെ പ്രാതസവനമാണ് ആദ്യത്തെ ഇരുപത്തിനാലുവർഷം. അതായതു് ആദ്യത്തെ ഇരുപത്തിനാലു വർഷം ജീവിച്ചിരിക്കലുതന്നെ ഒരു യജ്ഞമാണു്.

ഇവിടം ഞാനല്പം കടന്നുപറയാം. ആദിയിൽ നാമേവരും അതായതു് ആത്മാക്കൾ എന്നല്ല ലോകം മുഴവനും തന്നെ ബ്രഹ്മം ആയിരുന്നു.

''സർവ്വംഖല്വിദം ബ്രഹ്മതജ്ജലാനിതി
ശാന്തഉപാസീത അഥക്രതുമയ:
പുരുഷോയഥാക്രതുരസ്മിംലോകേ
പുരുഷോഭവതിതഥേത: പ്രേത്യ
ഭവതിസക്രതും കർവീത.

ബ്രഹ്മത്തിൽതന്നെ ജന്മ, സ്ഥിതി, ലയനത്തെ ചെയ്യുന്ന ഈ ജഗത്തെല്ലാം ബ്രഹ്മംതന്നെ എന്ന സത്യ മറിഞ്ഞു് രാഗദ്വേഷാദികറം വെടിഞ്ഞു് ശാന്തമാനസനായിട്ടപാസിക്കണം. അതിനു് ബ്രഹ്മം ഇന്ന പ്രകാരമെന്നു് വ്യക്തമായി നിർദ്ദേശിക്കുന്ന ശ്രുതിഭാഗം കണ്ടെത്തി പഠിച്ചു് സംശയഭാവനയേയുമകററി നിശ്ചയത്തെ ചെയ്തു നിലകൊള്ളണം. എന്തെന്നാൽ നിശ്ചയസ്വരൂപനാണു് പുരുഷൻ. അവൻ ഏതു നിശ്ചയത്തോടുകൂടിയിരിക്കുന്നു അപ്രകാരം അവൻ ആയിത്തീരുന്നു. ഇതിലേക്കു് ചില ശ്രുതിവചസ്സുകളെ നിങ്ങളുടെ നിശ്ചയദാർഢ്യത്തിനുവേണ്ടി കാട്ടിത്തരാം.

''സത്യജ്ഞാനമനന്ത മാനന്ദംസർവജ്ഞത്വാ
ദ്യുപേതം-മായോപാധികംതത്പദാത്ഥ:
പരമാത്മാ''

ഇവിടെ നിന്നുകളയരുതു്. എന്തെന്നാൽ നമ്മെ കുടുക്കിലാക്കിയ മായയോടു ചേർന്നാണു് പരമാത്മാ നില്ക്കുന്നതു്. അതുകൊണ്ടു് വീണ്ടും കടക്കാം.

''സർവോപാധിവിനിർമ്മുക്തം നിർവിശേഷ
ചിന്മാത്രം സദദ്വൈതമാനന്ദമമായം ബ്രഹ്മ.''

ഇവിടെ നിർവിശേഷ ബ്രഹ്മത്തെ ഒരു മായയും പാറിപ്പിടിച്ചു നില്ക്കുന്നില്ലെന്നു വ്യക്തംകാട്ടി നമ്മെ രക്ഷിക്കുന്നു. ഇപ്രകാരമുള്ള ബ്രഹ്മത്തിൽ തോന്നിയതാണു് ഞാനാമാത്മാവെന്നു് അറിഞ്ഞു് മോക്ഷേശ്ചുവായിട്ടിരിക്കണം. ഈ ബ്രഹ്മം ഉപാധിയോടുകൂടിയിരിക്കുന്ന ത്വം പദാർത്ഥത്തെക്കാളും ഉപാധിരഹിത വ്യത്യാസത്തോടു നിൽക്കുന്ന തത്പദാർത്ഥത്തേക്കാളും വിലക്ഷണമായും അഭേദമായും സ്വാധിഷ്ഠാനമാകുന്ന ലക്ഷ്യത്താൽ ലക്ഷീകരിക്കുന്നതായും ശുദ്ധമായും പരമാത്ഥികമായും സത്താ

മാത്രമായും നാശരഹിതമായും നിലകൊള്ളുന്ന സത്യമാകുന്നു.

ബ്രഹ്മമെന്നതു്.

''മഹദഹങ്കാരപൃഥിവ്യപ്തേജോവായുരാകാശാദ്' മകത്മേന ബൃഹദ്രൂപേണാണ്ഡകോശേന കഞ്ജ്ഞാനാത്മരൂപതയാ ഭാസമാനമദ്വിതീയ മഖിലോപാധി വിനിർമുക്തംതത് സകലശക്ത്യുപബൃംഹിതമനാദ്യന്തം ശുദ്ധം ശിവം ശാന്തംനിർഗ്ഗുണ മിത്യാദി വാച്യമനിർവാച്യം ചൈതന്യം ബ്രഹ്മ''.

''ദേഹാദേഃപരതരത്വാൽ ബ്രഹ്മേവപരമാത്മാ'' ഇങ്ങനെയുള്ളതാണു് ബ്രഹ്മമെന്നു് ലക്ഷണാലറിഞ്ഞിട്ടു്

''ഏതത്' ജ്ഞേയം നിത്യ
മേവാത്മസംസ്ഥം
നാതഃ പരംവേദിതവ്യം
ഹികിഞ്ചിത്
ഭോക്താഭോഗ്യം പ്രേരിതാരംചമത്വാ
സർവപ്രോക്തംത്രിവിധം ബ്രഹ്മമേതത്''

അറിയപ്പെടേണ്ടതു് തന്റെ ആത്മാവായി നിതാന്തം സ്ഥിതിചെയ്യുന്നതിനെയാണു്. അതിലുപരി അറിയപ്പെടാൻ യോഗ്യമായി മറ്റൊന്നില്ലതന്നെ. അനുഭവിക്കുന്നവനായും അനുഭവിക്കപ്പെട്ട വസ്തുതത്വമായും ഇവയ്ക്കു് പ്രേരകനായും പറയപ്പെടുന്ന ത്രിവിധത്തിൽ പരിലസിക്കുന്നതിനെ ബ്രഹ്മമെന്നു പറയപ്പെടുന്നു.

അറിയുന്നവനല്ല, അറിയപ്പെടും വസ്തുവല്ല, അറിവേവടിവായി നിലകൊൾവവനത്രേ ബ്രഹ്മമെന്നു് ലക്ഷണാലറിഞ്ഞാലും.

ഇപ്രകാരം ശ്രുതിചൊല്ലിയ ഈ തത്വത്തെ എങ്ങനെ അനുഭവപ്പെടുത്തും. അതായതു് 'ശ്രീധരൻ' അതു് ഇന്ന ഇന്നയിടങ്ങളിൽ താമസിച്ചു കഴിഞ്ഞുകൂടുന്ന ഒരു മനുഷ്യൻ. ഈ വിവരണംകൊണ്ടു് ഒന്നും വസ്തുനിഷ്ടമോ

സങ്കൽപനിഷ്ടം പോലുമോ ആകുന്നില്ല. എന്നാൽ ആ ആളിനെ നാം നേരിൽ കണ്ടുമുട്ടുമ്പോൾ ആ ആൾ ഈ ആള്-ആ അറിവ് അനുഭവമാർന്ന് ഈ ആളെന്നറിഞ്ഞ് അനുഭവസമ്മതംവരുന്നു. അതുപോലെ വചോനിഷ്ടങ്ങളായ ശ്രുതിമൊഴികളും അപ്പോലെയുള്ള ഗുരുമൊഴികളും കിട്ടിയാൽ സ്വാനുഭവത്തിൽ കൊണ്ടുവന്ന് അറിഞ്ഞറിയണം. അല്ലാത്തറിവറിവാകുന്നില്ല.

യോഗം ചിത്തവൃത്തിനിരോധം പറയും. ചിത്തവൃത്തിനിരോധത്തിന് അഷ്ടാംഗയോഗം പറയും.

ജ്ഞാനം ശ്രവണമനനനിധിധ്യാസനം പറഞ്ഞ് അതിന്റെ സാദ്ധ്യതയ്ക്ക് സാധനാചതുഷ്ടയം പറയും. ഇങ്ങനെ ഓരോരോ മാർഗ്ഗങ്ങളെ അതിന്റെ പ്രത്യേകത നിലനിർത്തി മാർഗ്ഗനിർദ്ദേശം ചെയ്യുന്നുണ്ടല്ലോ.

എന്നാൽ പ്രവൃത്തിമാർഗ്ഗമെന്നും നിവൃത്തിമാർഗ്ഗമെന്നും രണ്ടുവിധ മാർഗ്ഗങ്ങൾ പറഞ്ഞുകാണുന്നുണ്ട്. യോഗം ഉപാസന മുതലായ മാർഗ്ഗങ്ങൾ കൂടുതലായും പ്രവൃത്തിമാർഗ്ഗങ്ങളാണ് കാട്ടുന്നത്. എന്നാൽ ഇവകളിലെല്ലാററിന്റേയും അന്ത്യധാരണനിവൃത്തിമാർഗ്ഗമാണ്. ഉപാസന പരമപ്രേമഭക്തിയെന്നു വരുന്നയിടത്ത് നിവൃത്തിമാർഗ്ഗത്തിൽ നോട്ടമിടുന്നുണ്ട്. ജ്ഞാനം നിവൃത്തിമാർഗ്ഗമാണ് കാട്ടുന്നതെങ്കിലും അവ പ്രവൃത്തിമാർഗ്ഗത്തിലും ഭംഗിയായിടപെടുന്നുണ്ട്. വേദവും യോഗവും പ്രവൃത്തിപ്രധാനമാണ്. ആയപോലെ ജ്ഞാനിയുടെ സമാധി ഉൾപ്പെടെ എല്ലാം തന്നെയും പ്രവൃത്തിമാർഗ്ഗമാണ്, എന്നാൽ നിർവികല്പം മുതൽ അത് നിവൃത്തിയിൽ കടക്കുന്നുണ്ട്. ആയതിനെ വിവരിക്കാം. വാക്കത്തിൽ വളരെ ആയാസപ്പെട്ടാലും എത്തപ്പെടാത്ത സത്യം അനുഭവം അതിവേഗം കാട്ടിതരും. പ്രധാന ഉപാസനകളും, ഭക്തിയും യോഗവും പ്രവൃത്തിമാർഗ്ഗങ്ങളെങ്കിലും അവകൊണ്ടുവിടുന്നത് നിവൃത്തിയിലാണ്. അഖണ്ഡാകാരേ ആകാരമില്ല. അവിടെ എത്തപെടുംവൃത്തി എത്തിക്കുന്നത് നിവൃത്തിയിലാണ്.

ഇതുപോലെ ജ്ഞാനികാം പോലും പ്രവർത്തിമാർഗ്ഗമവലംബിക്കുന്നുണ്ട്. പക്ഷേ കാര്യസാദ്ധ്യാൽ അവർ എത്തേണ്ടിടത്തെത്തുന്നു. പ്രാപഞ്ചികൻെറ പ്രവർത്തി ബന്ധത്തെ ഉറപ്പിക്കും; കന്നുകാലികളെ കെട്ടുന്ന-കർഷകൻെറ കാളയെ ബന്ധിക്കും-പോലെ, അതേപോലെതന്നെ അതിൻെറ ബന്ധമോചനത്തെ ചെയ്യുന്ന പ്രവർത്തി അതിനെ ബന്ധനിവൃത്തനാക്കുന്നു. സാധനാചതുഷ്ടയമാണവരുടെ പ്രവർത്തി. അവകൊണ്ടെത്തിക്കുന്നതോ ശ്രവണമനനനിദിദ്ധ്യാസനമെന്നു പറഞ്ഞാലും പോരാ അതിൻെറ ഫലമായ നിത്യമുക്തിയിലാണ്ട്, നിദിദ്ധ്യാസനം സമാധി തന്നെ അഥവാ മനനംചെയ്ത് സ്വാനുഭവപ്പെടുത്തലാണ്, അറിയലാണ്. ഇവിടെ മററെല്ലാ ബന്ധങ്ങളും വിട്ടുവിച്ച് അനുഭവിക്കലാണ്. അഖണ്ഡൈകരസേ മഗ്നനാവുകയാണ്. ഇവിടെല്ലാമെത്തുമ്പോാം നാം വളരെ ശ്രദ്ധയോടെ നീങ്ങണം. ഇവിടെയാണ് ശ്രീവസിഷ്ടവചസു സാധുവാകുന്നതു്. ഒരിക്കൽ ഒരു ജ്യോതിഷൻ തൻെറ കവടി സഞ്ചിയുമായി സഞ്ചരിക്കുമ്പോാം വഴിമദ്ധ്യേ മൂത്രശങ്ക തോന്നുകയാൽ അവയെല്ലാം ഒരു കാട്ടിൽ വച്ചിട്ട് മൂത്രശോധനകഴിഞ്ഞുവന്നുനോക്കിയപ്പോാം സഞ്ചിയോ കവടിയോ കാണുന്നില്ല. കാടെല്ലാമന്വേഷിച്ചു കണ്ടുകിട്ടിയില്ല. അങ്ങനെ നോക്കുംനേരം അതിവിശിഷ്ടമായ ഒരു രത്നം കയ്യിൽകിട്ടി. പരിശോധനയിൽ ഇതു് ചിന്താമണി എന്ന വിശിഷ്ടരത്നമാണെന്നറിഞ്ഞു. അദ്ദേഹം തൃപ്തനായി എന്നാൽ താനാഗ്രഹിക്കുന്ന ഏതു വസ്തുവും കാട്ടിക്കൊടുക്കുവാൻ ശക്തമായതാണാരത്നം. ചിന്താരത്നമുണ്ടെങ്കിൽ കവടിയും കിട്ടും ശാപ്പാട്ടും സാദ്ധ്യമാം. ഓരിലത്താമര കയ്യിലിരിക്കുമ്പോാം കാശിനുപഞ്ഞമോജ്ഞാനപ്പെണ്ണേ എന്നൊരു പാടലുണ്ട്. അപ്പോലെ ചിന്തയാം രത്നമതുള്ളിലിരിക്കവേ ബോധത്തിനെങ്ങാനും നിറക്കേട്ട പററുമോ. ആകയാൽ സ്ഫുടംചെയ്ത ചിന്തയാൽ ബോധവിഹായസ്സിൽ പറന്നെത്തുക. ഇത്രയുംകൊണ്ട് അല്പംചില കർമ്മങ്ങാം ജനിച്ചു എന്നു തോന്നുന്നവനു് വേണ്ടി വരുമെന്നാണഭിമതം.

''ഘൃതമിവപയസിനിഗൂഢം
ഭൂതേഭൂതേ ചവസതിവിജ്ഞാനം
സതതം മനസിമഥയിതവ്യം
മനോമന്ഥാനഭൂതേന.''

ഈ ഭാഗമങ്ങനെ നില്ക്കട്ടെ. വേദാന്തത്തിൻെറ അതി പ്രധാന തീരുമാനങ്ങളിൽ മററു ചിലതുകൂടി പഠിക്കാം.

ശ്രവണം, മനനം, നിദിദ്ധ്യാസനം. ശ്രവണം മോക്ഷസാധനമാകുമോ? ആകുമെന്നാണ് വേദാന്തശാസ്ത്രം അഥവാ ജ്ഞാനശാസ്ത്രംവെളിപ്പെടുത്തുന്നതു്. അതെങ്ങനെ എന്നുനോക്കാം. കണ്ണുഗോളസ്ഥിതമായ കേന്ദ്രബിന്ദുവിൽ ശബ്ദശകലങ്ങൾ, അതേ ശബ്ദമാത്രകൾ, മാറെറാലികൊണ്ടു്, വിലസി വിജ്രംഭിച്ചു് പ്രതിധ്വനിക്കുമ്പോൾ അതു് അർത്ഥമാത്രകൊണ്ടു് അഥവാ ബോധംകൊണ്ടു്, പൂരിതമാകുമ്പോൾ, അതു് ആ ബോധമണ്ഡലംനിറഞ്ഞു് സർവ്വത്ര വികസിച്ചുവിലസും. അതിലെ വ്യഞ്ജനശബ്ദങ്ങൾ നഖശിഖാന്തമുള്ള ഉള്ളമുഴുവൻ ശക്തിയായി പ്രകമ്പനം കൊണ്ടു് ഇടിമുഴങ്ങുംപോലെയെന്നു പറഞ്ഞാൽ പോലും പോരാ അതിശക്തിയായിനിലകൊള്ളും. സ്വരാക്ഷരങ്ങളാകട്ടെ അവ അതിവേഗതയിൽ ശക്തിയായി ഉയൎന്ന് ശിര: കപാലം ഭേദിച്ചു് ദ്വാദശാന്തം വിഹരിക്കുകയും ചെയ്യും. ഇവിടെ ധാരണയിൽനിന്നും നിവൃത്തിക്കാത്ത ജിജ്ഞാസു ധ്യാനമഗ്നനാകുകയും നിദിദ്ധ്യാസനത്തിലെത്തുകയുംചെയ്യും. ഇതുകൊണ്ടും ശ്രവണം പൂർത്തിയാകുന്നില്ല. എന്തെന്നാൽ ശ്രവണദാതാവായ ഗുരുനാഥൻ അല്ലെങ്കിൽ ഗായത്രിപോലുള്ള മന്ത്രങ്ങൾ അതിൻെറ അർത്ഥത്തിൽകൂടെ ബോധജ്യോതിസ്സവിതാവ്, ജിജ്ഞാസുവിനെ ആനന്ദ പ്രവാഹത്തിൽ മുക്കും. തിളപ്പിക്കുന്ന വെള്ളം തിളച്ചു് അഗ്നിമൂല്യമായ ഊർജ്ജപ്രവാഹത്താൽ ആവിയായി പരിണമിച്ചു് ഊർദ്ധത്തിലേക്കു ശക്തിയായി ഗമിക്കും പോലെ ഊർദ്ധ്വഗതിയെ ചെയ്യും. ഇതു് ജലപരിണാമ ഊർജ്ജത്തേക്കാൾ അത്യന്തം ശക്തിമത്തായിരിക്കും.

ഇവിടെ മനനം ആവശ്യമായിത്തീരും. ഇതു് ബോധ പിറവിയെ ചെയ്യാനാണു്. മറെറാരുവിധത്തിൽ പറഞ്ഞാൽ അജ്ഞാനതിരോഭാവത്തിനാണു്. എങ്കിലേ ബോധോദയം പുഷ്ടിയായി പ്രകാശിക്കു. ബോധം ആവരണമഴിഞ്ഞു പ്രകാശിക്കു. ഇവിടെയെല്ലാം വരുമ്പോഴാം ആത്മാനുഭൂതി വ്യക്തമായനുഭവപ്പെടും. അതു് സാക്ഷാത്കാരലക്ഷ്യങ്ങളെത്തരും. അതിൽ മുഴകി ഇടവിടാതെ കഴിയലത്രേ ശരിക്കുള്ള നിദിദ്ധ്യാസനം. നിദിദ്ധ്യാസനം സ്വാനുഭവപ്പെടുത്തലാണെങ്കിൽ സമാധിസ്വാനുഭവമാണു്.

''കാമാദ്യശ്ചിത്തഗാദൃശ്യ:
സ്തൽസാക്ഷിത്വേന ചേതനം
ധ്യായേദ്ദൃശാനുവിദ്ധോയം
സമാധിസവികല്പക:''
''അസംഗ സച്ചിദാനന്ദ
സ്വപ്രഭോദ്വൈതവർജ്ജിത:
അസ്മീതിശബ്ദ വിദ്ധോയം
സമാധിസവികല്പക:''

ചിത്തവിഷയങ്ങളായ കാമാദികൾക്കു് സാക്ഷിയായി നിലകൊള്ളുന്ന ചൈതന്യത്തെ ധ്യാനിക്കലാണു് ദൃശ്യാനുവിദ്ധസമാധി. ഇതു് വികല്പത്തോടു ചേർന്നതാണു്.

അസംഗനാണു താനെന്നും സച്ചിദാനന്ദനാണു താനെന്നും സ്വയം പ്രകാശസ്വരൂപിയാണു താനെന്നും, ദ്വൈതത്തെ കടന്നവനാണു താനെന്നും ചൊല്ലി ധ്യാനത്തെ ചെയ്യുന്നതു് ശബ്ദവിദ്ധോയ സവികൽപ്പസമാധിയെന്നു പറയും.

സവികല്പസമാധി സാദ്ധ്യമാക്കുന്നതിനും ഭ്രൂമധ്യത്തിലോ അതിനുപരിയുള്ള യോഗാധാര കേന്ദ്രങ്ങളിലോ മുൻപറഞ്ഞ ധാരണ ഉറപ്പിച്ച് ധ്യാനത്തെ ചെയ്യണം.

ഇങ്ങനെ ചെയ്യുന്നാകിൽ അതു് വളരെവേഗം അനുഭവ ത്തെ ചെയ്യും. അതുപോലെതന്നെ ശബ്ദകേന്ദ്രീകരണത്തിനും മുൻപറഞ്ഞ കേന്ദ്രങ്ങളെ ആധാരമാക്കി പ്രവർത്തിക്കുന്നതു് വേണ്ടതാണു്. ഇതു് കേവല യോഗമാത്രമല്ല. ഇവിടെ ബോധയോഗങ്ങളുടെ സമ്മിളിതാവസ്ഥയുണ്ടു്. അതെങ്ങനെയെന്നാൽ ആധാരങ്ങളിൽ ധ്യാനമുറപ്പിക്കുമ്പോൾ ആ ധ്യാന വിഷയമായ പൊരുൾകൂടി ഉണ്ടായിരിക്കണം. എങ്കിലേ അതു് യോഗത്തെ ചെയ്യൂ. മംഗല്യകർമ്മത്തിന് പുരുഷനോ സ്ത്രീയോ മാത്രം പോരല്ലോ. ഇത് ശാസ്ത്ര സമ്മതമുള്ളതാണു്. ജ്ഞാനത്തെ കൂടാത്തയോഗവും യോഗത്തെ ചെയ്യാത്തജ്ഞാനവും മോക്ഷദായിനിയല്ലെന്നാണു് പരക്കെ സമ്മതം. ആകകൊണ്ടു് യോഗജ്ഞാനങ്ങളെ വേർതിരിച്ചു നിറുത്തേണ്ടകാര്യം എങ്ങും ഇല്ല തന്നെ. എന്തെന്നാൽ മോക്ഷത്തിന് ഏതു മാർഗ്ഗമായാലും ചിത്തവൃത്തിനിരോധത്തെ ചെയ്യണം. അഷ്ടാംഗയോഗം യോഗം പറയുമ്പോൾ സാധനാചതുഷ്ടയം ജ്ഞാനം പറയുന്നുണ്ടു്. ആകകൊണ്ടു് ധ്യാനത്തെ ചെയ്യുന്നതിൽ ഭ്രഷ്ടുകാണേണ്ടതില്ല, ധ്യാനത്തിൽ ബോധത്തെ അനുഭവത്തിൽ കൊണ്ടുവരലാണ്. അതു പ്രവർത്തി ആകയില്ല. ത്യാഗവും ഒരു പ്രവൎത്തിയല്ല. ധ്യാനംതന്നെ അറിഞ്ഞു നിലകൊള്ളലും, ത്യാഗം താനല്ലാത്തതു് തനിക്കാവശ്യമില്ലെന്നറിഞ്ഞുറപ്പിക്കലുമാണു്. രണ്ടും ജ്ഞാനപരമ്പരയിൽ പെട്ടതാണ്: വ്യാവഹാരികലോകത്തിൻെറ പൊടിപുരട്ടലിൽ യഥാർത്ഥതരിമറിയലത്രെ അനുഭവപ്പെടുന്നതു്. അല്ലാതെ പാരമാൎത്ഥികത്തിലെ വാസ്തവത്തിന് ഗ്ലാനിയോ ഹാനിയോ സംഭവിക്കുന്നില്ല. ഇവിടെ ജിജ്ഞാസുവിന് ബോധമുറയ്ക്കുന്നില്ലെങ്കിൽ ആയതിലേക്കു് മനനത്തെ ചെയ്തു് ധാരണപുലർത്തി ധ്യാനത്തെ ചെയ്തു സമാധികളിൽ സ്വാനുഭവത്തിലെത്തണം. ഇവയെല്ലാം സവികല്പ പാഠങ്ങളാണു്.

ഇനിയും നമുക്ക് ഉന്നതസമാധികളിലേയ്ക്കും അതിൻെറ വിവിധ പടികളിലേയ്ക്കും ഒന്നൊന്നായി കടക്കാം ആദ്യമായി സവികല്പസമാധിയുടെ അനുഭവഭാവങ്ങളെ പഠിക്കാം.

ദൃശ്യവിദ്ധ്യസമാധിയിൽ പ്രകാശം പലവിധത്തിലുടലെടുക്കും. ഭ്രൂമധ്യത്തിൽ ഉദയസൂര്യനെപോലെയും, പൂർണ്ണചന്ദ്രനെപോലെയും അറിയപ്പെടും. മാത്രമല്ല സർവ്വദൃശ്യചലനങ്ങളും ആ കേന്ദ്രത്തിൽ കൂടിയാണറിയപ്പെടുന്നതു്. മഴവില്ലുപോലെയും അതിലെ ഓരോ നിറങ്ങളും ഒന്നൊന്നായും എല്ലാമായും അറിയപ്പെടും. ഭിത്തിയിലോട്ടു നോക്കിയാൽ ചുവപ്പു രശ്മിയോ നീലയോ മഞ്ഞയോ എന്നല്ല എല്ലാ നിറങ്ങളും കേന്ദ്രീകരിച്ചു കാണപ്പെടും. മാത്രമല്ല രശ്മിമാത്രമായ മനോഹര പ്രാക്കൾ സമാനമായ പറവകൂട്ടത്തോടെ അങ്ങോട്ടിങ്ങോട്ടു പറന്നുചുററുന്നതനുഭവപ്പെടും. മാത്രമല്ല പ്രകാശം മണ്ഡലാകൃതിയിൽ അത്ഭുതപ്രതിഭാസമെന്നു് അറിയിച്ചു വിളങ്ങുന്നതും മററും ഇതിൻെറ ആദ്യ പാഠങ്ങളാണു്. ധൈര്യധാധാക്കളായ ഇവ അഭ്യാസിയേവേണ്ടപോലെ പ്രോത്സാഹിപ്പിക്കും. ഇതോടൊന്നിച്ചോ ഇതിനനന്തരമോ ശബ്ദവിദ്ധ്യസമാധി ആരംഭിക്കലായി. ഇതിനനന്തരമെന്നാൽ ഇതുകഴിഞ്ഞെന്നർത്ഥമാക്കരുതു്. ഇതിൻെറ ഒരു വൻഭാഗം നടപ്പിൽവന്നതിനുശേഷമെന്നു കരുതിയാൽമതി, ചീവീടുശബ്ദം, ചിലങ്കശബ്ദം മണിനാദം, ശംഖനാദം, മൃദംഗം, മേഘനാദം, മുഴക്കം മുതലായവ അനുഭവപ്പെടും ഇതെല്ലാം ശക്തിയായ കേന്ദ്രീകരണം ഉണ്ടാക്കിതരുന്നതും കേന്ദ്രീകരണ പ്രകൃതമല്ലെങ്കിൽ ലഭ്യമാവാത്തതുമാണു്. ആകയാൽ ഇതു് ഉററ ശ്രദ്ധയെ ചെയ്യാൻ പ്രേരിപ്പിക്കുന്നതാണു്. ഇതിൽ ശ്രദ്ധചെല്ലാതെ വന്നാൽ ഫൂൽക്കാരമെന്ന അനാഹതശബ്ദം ഉടലെടുത്തു് നമ്മേ നയിയ്ക്കും ഇതും വഴിതെററിക്കയില്ല. എൻെറ അഭിപ്രായത്തിൽ മണിനാദ, മൃദംഗ, വീണാദി നാദങ്ങളോളം ഉള്ളോട്ടു ഉള്ളോട്ടു് പ്രയാണം ചെയ്യുന്ന വേഗത

ഫൂൽക്കാരത്തിന്ന കറവാണ്. എന്നാലും അതും ശക്തമാണ്. ഫൂൽക്കാരം ലയനത്തിന്ന ശരിക്കും സഹായിയാണ്. മററുള്ളവ ഓങ്കാര ധ്വനിയിലെത്തിയ്ക്കം. ഇങ്ങനെ അതവിടെ നിൽക്കട്ടെ.

എന്നാൽ സ്വാനുഭവം ആകാശവടിവാകുന്നതിന് ഏററവും കൂടുതൽ സഹായി മൃദംഗാദി ശബ്ദങ്ങളാണ്. ഇവയെ പിൻതുടരുമ്പോൾ അതിവേഗം ഭ്രൂമദ്ധ്യം അതിന്റെ ശൂന്യവടിവിനെകാട്ടി നീലിമകാട്ടി മഹാകാശവടിവിലെത്തിക്കും. ഇപ്രകാരമായിത്തീർന്നാൽ ആകാരം അതിന്റെ അഖണ്ഡനിലയെ പ്രാപിക്കും. അഥവാ ബ്രഹ്മാകാരവൃത്തിയിലെത്തിക്കും. ഇവിടെയും നിൽക്കാതെ മുന്നേറുന്നവന് പിന്നെയും അനവധി അനുഭവസമ്പത്തുകൾ വന്നുചേരും. ഇവിടവും സവികല്പ സമാധിയിൽത്തന്നെ പെടും. നിർവ്വികല്പസമാധിയെ ഞാനൊന്നു കാട്ടുവാൻ ശ്രമിക്കാം. അതിന്റെ ആദ്യത്തെ പടി നിസ്സങ്കൽപമാണ്. സങ്കൽപിക്കാതിരിക്ക എന്നതു് സമാധിയോ അനുഭവമോ അല്ല. സങ്കല്പമുണ്ടാകാതിരിക്കുന്ന അനുഭവനിലയാണ് സമാധി. 'സങ്കല്പിക്കാതിരുന്നാൽ സംസാരമില്ലെന്നാകും' എന്നതിലെ ഇല്ലാതായികാണണം. അവിടമേ സമാധിയാകൂ. ഈ അവസരത്തിൽ അണിയറയിൽനിന്നും സൂത്രധാരനിറങ്ങുംപോലെ വൃത്തി അറിയപ്പെടും. വൃത്തിയുടെ നിരാകരണം അഥവാ നിരോധം അത്യന്തം ശ്രദ്ധേയവും പ്രയാസമുണ്ടാകാവുന്നതുമാണ്. ഇതിന്റെ നിരോധം സാവധാനം നിർവ്വഹിക്കണം. അല്ലാതെ പിള്ളാർ പട്ടിയെ ഓടിച്ചിട്ടടിക്കാൻ ശ്രമിക്കുംപോലെ ചെയ്താൽ അതിനെ പിടിയിലാക്കാൻ പററുകയില്ല. അതിന് നിശബ്ദമായി കാത്തിരുന്നാവിർഭവിക്കുമ്പോൾ തഴയണം. ഇങ്ങനെ കുറെ ആയേ അതു സാദ്ധ്യമാകൂ. പിന്നെയാണ് അസ്സൽ നിർവ്വികൽപം കണ്ടെത്തുന്നതു്. അത്ഭുതാലത്ഭുതമായ ഈ അവസ്ഥ വിവരണാൽ പഠിക്കാതെ അനുഭവാൽ ആസ്വദിച്ചാനന്ദിക്കുക.

''ഉത്തമംയോഗമാസ്ഥായ
ജ്ഞാനീവാ ഗതകൽമഷ:
മായാതൽകാര്യപാശേഭ്യോ
വിമുക്താസുഖമശ്നതേ.''

''പ്രശാന്തേന്ദ്രിയ സഞ്ചാര
ശ്ചിത്തക്ഷോഭാദി വജ്ജിത:
ബ്രഹ്മാത്മൈക്യ മഹായോഗി
സദ്യോമുക്തിമവാപ്നുയാൽ''

ഇവിടെ എത്തിച്ചേരുന്നതിനുമുമ്പ് ചില ചില അനുഭവപാഠങ്ങളെ വിവരിക്കാം.

മഹാകാശവടിവൾന്നുകഴിഞ്ഞാൽ അത് വൃത്തിയെപ്രാപിക്കും. ആ നിലയ്ക്ക് എത്തിയവനെ അഖണ്ഡകാര വൃത്തിമാൻ എന്നു പറയും. ഇവിടെ വൃത്തി നിരുപദ്രവിയെങ്കിലും അത് ഭാവംകൊണ്ട് പൂർണ്ണാനന്ദത്തെ കുറയ്ക്കും. അതിന് എത്തേണ്ടതു് താൻ കൂടെ മറയലാണ് അത് ആദ്യം അംഗങ്ങളും ഉത്തമാംഗവും ശരീരമാകമാനവും മറയും. അതോടെ സാക്ഷിമറയണം. അതൊരാത്ഭുത പ്രതിഭാസമാണ്. അനിർവ്വചനീയമാണ്. മനോഗോചരംപോലും അല്ലാത്തതാണ്. ഇവിടെ മനസില്ലായിടമാണ് - മായ അററയിടം.

ഇതങ്ങനെ നിൽക്കട്ടെ സ്വൽപം വിജ്ഞാനശകലം പറയാം. നാം ആഹരിക്കുന്ന ഘനപദാർത്ഥങ്ങൾ പചനത്തിനു വിധേയമാകുമ്പോൾ അതിൻെറ അണുക്കൾ മേലേക്കുയന്ന് മനസ്ഥാനങ്ങളെ പ്രാപിച്ച് അതിനു പുഷ്ടിയെ ചെയ്യുന്നു. അപ്പോലെ ജലപദാൎത്ഥങ്ങൾ അതിൻെറ അണുക്കളെക്കൊണ്ട് പ്രാണപോഷണവും നിർവ്വഹിക്കുന്നു. അന്നം കഴിക്കാതിരുന്നാൽ മനസ്സ് ദുബ്ബലമായി ഓർമ്മ, ചിന്താശക്തി ഇവകൾ ശേഷിയില്ലാത്തതായിതീരും. ഇതുപനിഷത് പ്രവചനങ്ങളാണ്. അനുഭവഗോചരങ്ങ

ളമാണ്. പ്രപഞ്ചസൃഷ്ടിയിലെ പഞ്ചഭൂതഘടന മനസി ലാക്കുക. ജഡങ്ങളായ ഘന പദാർത്ഥങ്ങൾ കേവല ജടില ങ്ങളായി നിലകൊള്ളുക മാത്രമല്ല. അതിൻെറ സമൂഹത്തെ പുലർത്തുകയും അതിൽ അതു് സൂക്ഷ്മവും ജഡവും ജടി ലവുമായി നിലകൊള്ളുന്നതും വ്യക്തമായി മനസിലാകും. അതുപോലെ തന്നെ ഈ പദാർത്ഥം, പോരാ, വസ്തുതത്വം, അവ്യക്തം, മഹത്തത്വം അഹങ്കാരം മുതലായ പരമ്പര പുലർത്തുന്നതും കാണാം. അതുപോലെ ജലതത്വം അതിൻെറ പരമാണു പ്രകൃതേന അതു് പ്രാണപുഷ്ടിയെ ചെയ്യുന്നതും മനസിലാകും. ഇവകൾ ഉപനിഷത് സമ്മതമുള്ളവയാ ണ്. അതേപോലെ എല്ലാ ഭൂതങ്ങളുടെ പ്രവർത്തനവും കണ്ടെത്താനാവും മാത്രമല്ല. ഇതിൻെറ ഏകീകരണവും ആധുനിക ശാസ്ത്രാനുസരണേനപോലും സമ്മതമാകുംവി ധം കണ്ടെത്താൻ കഴിയും.

അതിരിക്കട്ടെ! സവികല്പ സമാധിയുടെ അവസാ നഭാഗം ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ സ്വാനുഭവം പ്രപ ഞ്ചം ആകാശവടിവായി അന്യപദാർത്ഥവിഹീനമായി നിലകൊള്ളും എന്നുകാണും. ഇവിടെ പലതില്ലെങ്കിലും ചിലതുണ്ട്. തുപുടിസ്പുടമായുണ്ട്. കാണുന്നവൻ. കാഴ്ച, കാഴ്ചവസ്തു ഇവ ഒഴിയാബാധയായി നിൽക്കും. ഇതഴി യുംവിധം കേൾക്കുക. കാഴ്ചകാരനായ ജിജ്ഞാസുവിൻെറ അംഗങ്ങൾ ചിലതു് അപ്രത്യക്ഷമാകുന്നതും അനുഭവവിധേ യത്വം വിടുന്നതും അറിഞ്ഞുതുടങ്ങും. ഇങ്ങനിങ്ങനെ കണ്ടും അറിഞ്ഞും നില്ക്കുന്നതിനിടയിൽ താനും മറയും. ഇവിടെ വരുമ്പോൾ ഇതറിയുന്നതാരു് എന്നു് ഉത്തമ ജിജ്ഞാസു അന്വേഷിക്കും. അവിടെയാണ് സാക്ഷി ആത്മാ വിൻെറ ബോധമുഖമെന്നനുഭവാലറിയും. അല്ലാതെ എത്തി എത്തി പാർപ്പവർക്കു് എത്താതെ നിൽക്കുന്നവനെ അറി യാൻ മാർഗ്ഗമില്ല. ആമ അംഗങ്ങൾ പിൻവലിക്കുംപോലെ ഈ ചേതോമുഖം പിൻവാങ്ങിയാൽ എന്തുവിശേഷം. അതു നമ്മുടെ ആത്മാവെന്നനുഭവിച്ചറിയുക. വചോ പ്രയോഗ ങ്ങളാവശ്യമില്ല. ഇപ്പോഴൊക്കെ ശബ്ദം അതിൻെറ മനോ ഹാരര്യം കാഴ്ചവയ്ക്കും. അപ്പോഴുണ്ടാകുന്ന സ്പുരണ

ങ്ങളും അത്യന്തം ആനന്ദമയങ്ങളാണ്. ഇവിടെ വന്നെത്തുമ്പോഴേക്കും ആത്മാന്വേഷി ആത്മവാനെന്നറിയും വ്യക്തം. ഇതിനെ അല്പാല്പമായും വിശദമായും അനുഭവമാധുര്യം കലർത്തി നമുക്കല്പം പഠിക്കാം.

ഫൂൽക്കാര രീതിയിലുള്ള ധ്വനി ആവിർഭവിച്ചാൽ അതു് നിർത്തില്ലാതെ കിട്ടിക്കൊണ്ടേയിരിക്കും. മൃദംഗം, മണിനാദം,വീണാനാദം മുതലായ ധ്വനികൾ ചിലപ്പോൾ നിലച്ചുകളയും. അന്യഥാശ്രദ്ധ വന്നാൽ അതു വിട്ടുനില്കും. പക്ഷേ കിട്ടാഴ്ക വരികയില്ല. ഇവയെല്ലാം നല്ല മുഴക്കത്തോടെ ഓങ്കാര ധ്വനിയിലെത്തിക്കും. ഈ സമയങ്ങളിൽ ദൃശ്യങ്ങളും ശബ്ദപരമായ അനവധി സാക്ഷാത്കാരങ്ങൾ ഉണ്ടാക്കുകയും ചെയ്യും. ഇതു് യോഗിക്കും, ജ്ഞാനിക്കും ഒരുപോലെ സംഭവ്യമാകയാൽ മാർഗ്ഗം തിരിച്ചുപറയേണ്ടയാവശ്യമില്ല. യോഗജ്ഞാനങ്ങൾ അന്യോന്യ പൂരകങ്ങളായാണ് നിലകൊള്ളുന്നതു്. ഇതിനെ രണ്ടാക്കിക്കണ്ട് ബോധോദയത്തിനു താമസം വരുത്തേണ്ട. ഇതിലെ ഏററവും പ്രധാന ഘടകം മഹാകാശവടിവാണ്. ഇതിൽതന്നെ കൂടി മറക്കുമ്പോൾ അതു് അഖണ്ഡാകാര വൃത്തിയെചെയ്യും. വൃത്തി വ്യാപ്താനാം ന: ഫലപ്രാപ്തി എന്ന വചസിനെ ആധാരമാക്കി നോക്കുമ്പോൾ നാം അതിനേയും തഴയണം. യോഗത്തിൽ ചിത്തവൃത്തിനിരോധം എന്നു ചിത്രീകരിച്ചിരിക്കുന്ന വൃത്തിയെയാണെടുക്കേണ്ടതു്. ഇതുകൊണ്ട് വൃത്തിയെന്നതു് യോഗിയോ, ജ്ഞാനിയോ നിരോധിക്കേണ്ടതിൽപെടുന്ന മനതത്വമാണ്. കാമ ക്രോധ ലോഭ മോഹാദികൾ കളയേണ്ടും വൃത്തികളാണ്. ഇവകളെ കളഞ്ഞാൽ മനസ്സു ശുദ്ധമാകുമെന്നാണ് പറയുന്നതു്.

''മനോഹി ദ്വിവിധം പ്രോക്തം
ശുദ്ധഞ്ചാശുദ്ധമേവച
അശുദ്ധം കാമസങ്കൽപം
ശുദ്ധം കാമവിവർജ്ജിതം''

ഇവയിൽ അശുദ്ധവൃത്തിനിരോധമല്ലാതെ മററൊന്നും കാട്ടുന്നില്ല.

"മന ഏവ മനുഷ്യാണാം
കാരണം ബന്ധമോക്ഷയ
ബന്ധായ വിഷയാസക്തം
മുക്തം നിർവിഷയം മനഃ"

ഇവിടെ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ശുദ്ധം കാമ വിവർജ്ജിതം. മനസ്സിനു വിഷയംകൊടുക്കാതിരിക്കൽ; ഒരിടത്തു് ആഗ്രഹമില്ലായ്മയും രണ്ടാമിടത്തു് വിഷയരഹിതമാക്കിവെക്കലും. ഇതിനെ നിവൃത്തിമാർഗ്ഗമെന്നാണ് പറയുക. ഇവിടെ വൃത്തിയോ മററൊരുവിധ പററുതലോ അംഗീകാര്യമല്ല. അങ്ങനെ ശുദ്ധശൂന്യമായ സത്തു് തെളിച്ചറിയലാണ് കരണീയമെന്നു ഘോഷിക്കുന്നു. ആഗ്രഹം വിട്ടാലും വിഷയം അഥവാ ജഗത്തു് ശേഷിച്ചുനിന്നെന്നു വരുന്നതായി പറയുന്നുണ്ട്. അതു് വൃത്തി പ്രതിഭാസം കൊണ്ടാണ്. വൃത്തിപ്രതിഭാസം എങ്ങനെ ഒഴിവാക്കാം എന്നതൊരു പ്രയാസമേറിയ വിഷയമാണ്. അതിനെ കളയാൻ വിഷയലോകബീജമായ ശരീര പ്രതിഭാസമഴിയണം. അങ്ങനെ അഖണ്ഡാകാരവൃത്തിപോലും നിരോധിക്കപ്പെടുകയാണ്. ഇതിനുകാരണം, സൂക്ഷ്മ ശരീരം വൃത്തിയെപരിത്യജിച്ചുകാണാത്തതുകൊണ്ടാണ്. ഇതിന്റെ മാർഗ്ഗം കേവല നിവൃത്തിമാർഗ്ഗം തന്നെയാണ്. ആഗ്രഹിക്കാതിരിക്ക, വിചാരിക്കാതിരിക്ക, ഓർമ്മിക്കാതിരിക്ക മുതലായവയാണ്. ശക്കര തിന്നാലുള്ള മധുരം വാസനാ രൂപത്തിൽ എത്രകാലം വേണമെങ്കിലും നിലനില്ക്കുന്നു. അതുപോലുള്ള വാസനയും കടന്നുവെന്നാകിലേ ആത്മവാനാത്മാവാണെന്നു തെളിയൂ. ഇപ്രകാരമൊരുവനെ ആക്കിത്തീർക്കുന്നതിന് ഉപനിഷത്തുകൾ ചെയ്യുന്ന സാഹസം വാചാമഗോചരമാണ്. ഇതിനു പ്രധാനമായ ചില കാര്യങ്ങൾ മനസ്സിലാക്കാം.

മനോനാശം, വാസനാനാശം തുടങ്ങി ചിലതുകളെ പറയുന്നുണ്ട്. ഇതിനുപറയുന്നസമാധികാം നിര്വികൽപം- സിസ്സങ്കൽപം - നിർവൃത്തി - നിർവാസന ഇവകളാണ്. മനോനാശം മുതൽ വാസനാനാശം വരെ എത്തുമ്പോൾ മഹോദയം-തത്വജ്ഞാനോദയം-അനുഭവേവേദ്യമാകും. പ്രവർത്ത്യോന്മുഖമായ പ്രവത്തനം കൊണ്ട് ശമനമുണ്ടാകും. എന്നാൽ വിചാര നിഷേധനം, ആഗ്രഹ നിഷേധനം തുടങ്ങിയ ക്രിയാത്മകമല്ലാത്തവകളാണ് മനോനാശത്തെ എളുപ്പവും പൂർണ്ണവുമാക്കുന്നതു്. അങ്ങനെ മനോശത്തെചെയ്യുമ്പോൾ ഇരുട്ടിൽ കുടം കണ്ടെത്തിയാലെന്നപോലെ വാസന ഇളകുന്നതും കാണാം. കാണപ്പെടാതെ കിടന്ന ശക്കരയുടെ മാധുര്യം പണ്ടറിഞ്ഞിരുന്നതു് പ്രത്യക്ഷമാകും. അതായതു് ഇന്ദ്രിയഗോചരമാക്കപ്പെട്ട മുമ്പറിഞ്ഞിരുന്ന മധുരരസം ഒരു ശർക്കരത്തരി രസനേ എത്തുമ്പോൾ ബോധരൂപം പ്രാപിക്കും. അങ്ങനെ ശർക്കര നാക്കുവഴി മുൻബോധത്തെ അറിഞ്ഞതു്, അവ്യക്തമായോ.അറിയപ്പെടാതെയോ കിടന്നിരുന്നതു്,വൃത്തി ഉറവിടത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നതു് വീണ്ടും പ്രത്യക്ഷപ്പെടും. അങ്ങനെ ഒരു ബോധോദയ പ്രക്രിയ ഉടലെടുക്കും. തത്വജ്ഞാന ഉടമയായ ആത്മാമറകളായ മനസ്സും വാസനയേയും ചോദ്യംചെയ്യുമ്പോൾ തത്വജ്ഞാനോദയം ഉടലെടുക്കും. അപ്പോൾമുതൽ ആത്മാന്വേഷി ആത്മവാനാകും. സ്വൽപം കൂടി വിവരിക്കാം. പണ്ട ശർക്കര ഉപയോഗിച്ച ഒരാൾ അതു് പിന്നെ വളരെനാൾ കാണുന്നേ ഇല്ലെന്നുവെയ്ക്കുക. ആ ആളിനെ, ഒരുതരി ശർക്കര അയാളെ കാണിക്കാതെ തന്നെ നാക്കിലിട്ടുകൊടുക്കുക. ഉടൻ അയാളുടെ വാസനാവൃത്തിയിൽ ആൽവിത്തിൽ ആൽമരം പോലെ അറിയപ്പെടാതെ കിടപ്പതറിയപ്പെടും. അതു് പണ്ട ഞാൻ തിന്ന ഇനം ശക്കര എന്നതാണെന്നു പറയും.

ഈ അറിവ് അന്ധകാരത്തിൽ കുടം കാണാതെ കിടന്നതു് പഴക്കമൊയാലും ചെറുവെളിച്ചത്തിൽ കണ്ടെത്തുമ്പോലെ എത്തുപെടും. അതുപോലെ വാസനയിൽ ആണ്ട

കിടക്കുന്നതു്-അറിവാകാതെ കിടക്കുന്നതു്, പെട്ടെന്നു വെളിപ്പെടുന്നതറിയാറാകും. ആയപോലെ തന്നെയാണ് മനോമായയിൽ മൂടിയും വാസനാവൃത്തിയിൽ പുതഞ്ഞും മറയപ്പെട്ടുതോന്നും തത്വജ്ഞാനം, മനോനാശ, വാസനാനാശാനന്തരം, അല്ല അതോടൊപ്പം മനോഹരമാംവിധം ഉദയംചെയ്യും. അങ്ങനെ മുമുക്ഷുവിന് വേണ്ട മനോനാശം, വാസനാനാശം തത്വജ്ഞാനോദയം, മൂന്നും വ്യക്തമായറിയപ്പെട്ടും.

സവികല്പസമാധിയിൽ അല്പാല്പം ചിത്തവൃത്തി ഉൾക്കൊള്ളുന്നതു കൊണ്ടാണ് അതിന്റെ നിരോധനം നടപ്പാക്കണം എന്നു പറയുന്നതു്. നിർവികല്പ സമാധിയിൽ വാസനാനാശവും ആവശ്യമാണ്. ഇതു് തന്നിൽ നിന്നും വിട്ടുമാറിയോ എന്നു് പെട്ടെന്നൊന്നും അറിയാനാവില്ല. അനുകൂല സാഹചര്യമുണ്ടാകുമ്പോൾ അതു ചാടി പുറത്തുവരും. ഇതിനനവധി ഉദാഹരണങ്ങളുണ്ട്. മൂളിപ്പാട്ടു പാടുകപോലും വാസനാ പ്രേരണകൊണ്ടാണ്. കാണണമെന്നു തോന്നുന്നതും കേൾക്കണമെന്നു തോന്നുന്നതും വാസനാപ്രേരണയാണ്. സ്വപ്നം കാണുന്നതുപോലും വാസനാ പ്രേരണകൊണ്ടാണ്.

ധ്യാനത്തിൽ നിർവികല്പമെത്തുപെട്ടും. എന്നാൽ വാസനാപ്രേരകവൃത്തി കടന്നുകൂട്ടും. ഇതു പലർക്കും മനസിലായിട്ടില്ല. ഇതു് നിത്യമുക്തിക്കു വിളമ്പത്തെചെയ്യും. ഇതിനെപ്പററിയും മഹത്തുക്കൾ താക്കീതു നൽകിയിട്ടുണ്ടു്. ഇതിനേയും അൽപം വിവരിക്കാം. ധ്യാനത്തിൽ ഒന്നിനേയും ഉന്നരുതു്. ഉന്നുന്നതു് മാനസികവൃത്തിയാണ്. മനസിലുള്ളതിനേ മനോഗോചരത്തിൽ പെടുന്നതിനെ മാത്രമേ പിടിക്കാൻ പററൂ. ഇതു് ചിത്തവൃത്തിയിൽപെട്ടും എന്തെന്നാൽ അതു് മാനസസൃഷ്ടി ആകകൊണ്ടു്. അതിനാൽ അതിന് ആഗ്രഹവിഹീനനായ ഉന്നാവൂ. ഇതിനാലാണ് ചുമ്മാതിരുന്നു പാർത്താലും എന്നു മഹത്തുക്കൾ പറയുന്നതു്.

അന്തർമുഖമെന്നും ബഹിർമുഖമെന്നും രണ്ടു ചര്യയുണ്ട് മനസ്സിന്. ഒന്നാത്മാന്വേഷിയും മറ്റേതു് ലോകാന്വേഷിയുമാണ്. ആത്മാന്വേഷി അന്തർമുഖനായിരിക്കണം. യോഗി ധ്യാനിക്കുമ്പോൾ ബഹിർമുഖം വന്നുചാടും. അതിനെ പ്രത്യാഹരിച്ച് അന്തർമുഖമാക്കണം. ഇവിടെ ബഹിർമുഖവൃത്തിയെ പിൻവലിക്കുമ്പോൾ തന്നെ അതു് അതിന്റെ സ്വനിലയായ അന്തർമുഖമായികൊള്ളും. ഇതും ആത്മാന്വേഷി ശ്രദ്ധിക്കണം. നിർവികൽപ സമാധിയിലെ ഈ ചിത്തവൃത്തി നിരോധം അതായതു് മനസിന്റെ ബഹിർവൃത്തിയെ നിരോധിക്കൽ അഥവാ പ്രത്യാഹരിക്കൽ അഷ്ടാംഗയോഗത്തിലെ അതിപ്രധാന ഘടകമാണ്. ജ്ഞാനത്തിൽ ഇതിനെ ദമത്തിലാണുൾപ്പെടുത്തിയിരിക്കുന്നതു്.

''വിഷയേഭ്യ: പരാവർത്യ
സ്ഥാപനം സ്വസ്വഗോലകേ
ഉഭയേഷാ മിന്ദ്രിയാണാം
സ ദമ: പരികീർത്തിതേ.''

കർമ്മജ്ഞാനേന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്നും വിടർത്തി സ്വകേന്ദ്രങ്ങളിൽ തന്നെ നിറുത്തുന്നതിനെ ദമമെന്നു കീർത്തിക്കപ്പെടുന്നു.

ഇപ്രകാരമുള്ള ഭ്രമമുള്ളവൻ ധ്യാനത്തിന്റെ പ്രവർത്തനപടവുകൾ കഴിഞ്ഞ്, സഞ്ചാരപടവുകളും കഴിഞ്ഞ് നിശ്ചലജ്ഞാനമാസനം എന്നയിടത്തെത്തും. ഇതിനെ നിധിദ്ധ്യാസനമെന്നു പറയാം. ഇപ്രകാരമുള്ള ആത്മവാനേ മഹാമേരു ധാമമായ ശിവനെ ആ മംഗള സ്വരൂപനെച്ചുററി സകല ഗ്രഹങ്ങളും സഞ്ചരിക്കുന്നു, നിലകൊള്ളുകയും ചെയ്യുന്നു. ഇപ്രകാരമാസനസ്ഥനായവൻ ബഹിർമുഖനിലയിൽ അഖിലലോക ദ്രഷ്ടാവും അന്തർമുഖേ നിഖിലബോധചതുരനുമാണ്. ലക്ഷ്യാർത്ഥേ ബ്രഹ്മവുമാണ്. ഇത്രയും കൊണ്ടു് ബ്രഹ്മസാക്ഷാത്കാര ലക്ഷണ വിവരണംകാട്ടി.

ഇനിയും നിഖിലബോധനിലയിൽ ആനന്ദ സമ്മേളിതാവസ്ഥ വിവരിക്കലൊക്കുമോ എന്നു നോക്കാം.

ബോധാനന്ദേ ഭീകരമില്ല
വിസ്തൃതവിശാലദേശ സമാനം
അഖണ്ഡദേശേ അന്യത്തില്ല
ജഗത്തങ്ങലിയും അഴിയും
വരുണപ്രദേശം
നയനാനന്ദം ശ്രവണാനന്ദം
മൃദുലമനോഹരസ്പർശാനന്ദം
സുഗന്ധനിർമ്മലബോധാനന്ദം
രസനമനോജ്ജ്വലരസനാനന്ദം
ഉപാധിവിട്ടാൽ ബോധാനന്ദം
ബോധാമൃതരസമഗ്നാനന്ദം
ബോധാനന്ദം ദ്വന്ദവിഹീനം
ആത്മാനന്ദം ബ്രഹ്മാനന്ദം.

ഇനിയും ജ്ഞാനത്തെ വീണ്ടും പഠിക്കാം ബ്രഹ്മസാക്ഷാത്ക്കാരം മുക്തിയാകുന്നു. അതിനു ബ്രഹ്മാനുസന്ധാനത്തോടൊപ്പം സ്വാനുഭവവുമുണ്ടാകണം. ബ്രഹ്മം പരിണമിച്ചുപോയി എന്നു പറച്ചിൽ ശരിയല്ല. എന്തെന്നാൽ അതു് പരിണാമ വിധേയമല്ല. ഏകമേവാദ്വിതീയം ബ്രഹ്മ: എന്നിരിക്കെ ബ്രഹ്മം പരിണമിക്കാൻ കാരണമില്ല. സഹകാരി കാരണമില്ലായ്കയാൽ ബ്രഹ്മം പരിണമിക്കാൻ സാദ്ധ്യമല്ലതന്നെ.

രജ്ജുവിൽ സർപ്പംകന്നക്കേ എന്നു പറഞ്ഞാൽ സർപ്പ ഭ്രാന്തി ആർക്കെന്നു പറയണം. ബ്രഹ്മത്തിനു ഭ്രാന്തിയോ? ഭ്രാന്തി ഏകമേവാദ്വിതീയം ബ്രഹ്മയിലെ ബ്രഹ്മത്തിനെങ്കിൽ അതു സത്യമാവുകയില്ല. ബ്രഹ്മം വികാര

വാനാകം. നിർവികാര ബ്രഹ്മമതാകയില്ല. ഇതു് നിർഗ്ഗുണ ബ്രഹ്മമാകുവാനും സാദ്ധ്യമല്ല. നിർഗ്ഗുണബ്രഹ്മത്തിനോ സലക്ഷണ ബ്രഹ്മത്തിനോ ഇതു ചേരുകയില്ല. ആകകൊണ്ടതും അംഗീകാര്യമല്ല. പിന്നെങ്ങനെ? അങ്ങനെ വരുന്നേരം മുമ്പിനാലേ ഉള്ള ജീവൻ എന്ന സമ്മതിക്കേണ്ടിവരും. അപ്പോൾ ജീവബ്രഹ്മങ്ങൾ രണ്ടാകും. അതു് അദ്വൈതസമ്മതമല്ല. ഭ്രാന്തിയാൽ വിവർത്തമെന്നു പറയണം. എന്നാൽ വിവർത്താൽ ഭ്രാന്തിയെന്നുവരുമോ. ചിത്സൂര്യഘോരാതപേ മരുമരീചിക. ഇതു് വിവർത്തജന്യഭ്രാന്തി. അതുപോലെ രജ്ജുവിൽ കാണും സർപ്പം. ഇതെല്ലാം മൂന്നാമതൊരുവൻെറ അനുഭവമാണു്. ബ്രഹ്മത്തിനു വെളിയോ അകമോ ഇല്ല. ബ്രഹ്മമേ ഉള്ളൂ. ഇതു് തെളിഞ്ഞറിയണം. ബ്രഹ്മത്തിനു ഭ്രാന്തിയില്ല. ആത്മാവു് ബ്രഹ്മമാണു്. ആകയാൽ ആത്മാവിനും ഭ്രാന്തിയില്ല. പിന്നെ ആർക്കെവിടെ ഭ്രാന്തി? ബ്രഹ്മത്തിൻെറ ശക്തിയെ കണ്ടു രസിക്കാനുള്ള മുഖത്തിൽ ചിൽ സൂര്യഘോരാതപേ ജലം കാണുന്നു. മായഭ്രാന്തികാണലത്രേ ആത്മാവിൽ നടക്കുന്നതു്. അല്ലാതെ ആത്മഭ്രമവിധേയമല്ല എന്നു ചിന്തിച്ചുറച്ചെന്നാൽ ഭ്രാന്തിയങ്ങകലും ധ്രുവം.

> ''ആത്മാവാ ഇദമേക ഏവാഗ്രമാസീത്-
> നാന്യതി കിഞ്ചനമിഷത്.''

ഈ ആത്മാ ഒന്നുമാത്രമായിരുന്നു. അല്ലാതെ മറെറാന്നും തിളങ്ങുന്നതായിട്ടറിയപ്പെട്ടിരുന്നില്ല. അതറിഞ്ഞു് അതിൻെറ തന്നെ ഉജ്ജ്വലത്തായ ശക്തിയെ, ആ ശക്തിയുടെ ഘോരതാപത്തിൽ, താൻ തന്നെ പ്രപഞ്ചമായി കാണപ്പെട്ടു. ഇങ്ങനെ ജഗത്തു പ്രത്യക്ഷമായി അല്ലാതെ ജഗത്തു പാരമാർത്ഥികവസ്തുത്വമായിട്ടില്ല തന്നെ. ''അനുത്പന്നമിദം ജഗത്.'' ഇതും പരമാർത്ഥത്തെ വിളിച്ചറിയിക്കുന്നു. ''രണ്ടാമതായിട്ടൊരു കാരണമില്ലായ്കയാലുണ്ടായിട്ടില്ല ജഗത്തെന്നുള്ളതറികനീ.'' എന്നിട്ടും കാണുന്നതായിട്ടറിയുന്ന പ്രക്രിയക്കാണു് മിഥ്യാജ്ഞാനം, ഭ്രാന്തിജ്ഞാനം എന്നൊക്കെ പറയപ്പെടുന്നതു്.

മുക്തി എങ്ങനെയെന്നാൽ ജീവബ്രഹ്മൈക്യമാണ്. ഒന്നാകുന്നതിനോ, ആകുന്നതിനോ, അവ ഒന്നു തന്നെയാകയാൽ ആവശ്യംവരുന്നില്ല. ഈ പരമാത്ഥതത്വം അറിഞ്ഞു നിലകൊള്ളുകയേ വേണ്ടൂ. ബ്രഹ്മാനന്ദം അനുഭവിക്കലെന്നു പറയരുത്. ബ്രഹ്മാനന്ദം സ്വാനുഭവമാകകൊണ്ട് ഒരു പ്രത്യയവും അതോടെ ചേർക്കേണ്ട ആവശ്യമില്ല. ധ്യാനത്തിൽ ഒന്നിനെ ഉന്നി പ്രവത്തിച്ചാൽ അതു് ചിത്തവൃത്തിയെ ചെയ്യും. അതിനു് ഉന്നലിനെ പ്രത്യാഹരിക്കലും ബോധത്തെ നിലനിർത്തുകയും ചെയ്യണം. ഇങ്ങനെ ചെയ്താൽ ഉജ്ജ്വലത്തായി സമാധിയെ തരും. അങ്ങനെ മോചനത്തോടടുക്കാം. ഇങ്ങനെല്ലാ പൊന്തലുകളേയും പ്രത്യാഹരിച്ച് ആത്മമാത്രനാകുമ്പോൾ മുക്തനാകും. ഇങ്ങനെ നിലകൊണ്ട് ആത്മമാത്രനായി കഴിയുന്നവനെ മുക്തസാകാരബ്രഹ്മം, എന്നു പറയും. മുക്തനിലയും ബ്രഹ്മനിലയും ഒന്നാണ്. പിന്നെങ്ങനെ ഇതെല്ലാമെന്നു ചോദിച്ചാൽ ബ്രഹ്മം സ്വയമറിയലത്രെ. സവ് അറിവ് ബ്രഹ്മം. അറിയുമറിവ് ആത്മാ.

കോടാനുകോടി അണ്ഡകടാഹങ്ങളിൽ നിറവുററു നിലകൊള്ളുന്ന അണു സംഘാതത്തിൽ കൂടി അറിവു പകന്നുകൊണ്ടിരിക്കുന്നു. അതിലൊന്നു ഞാനും, ആ ഞാനോ അണുവിലണുവായ്നിന്നു് ബ്രഹത്തിൽ ബ്രഹത്തായറിഞ്ഞു് ഭേദമററ അഹമായറിഞ്ഞ് ശുദ്ധബ്രഹ്മമെന്നു് അനുഭവിച്ചാനന്ദിക്കുന്നു അഥവാ ആനന്ദമായ് നിലകൊള്ളുന്നു.

ഇതത്രേ ബ്രഹ്മത്തിലെ ഈക്ഷണശക്തി. ശക്തികൾ ബ്രഹ്മത്തിനു വെളിയിലല്ല. ബ്രഹ്മത്തിനു വെളിയില്ല, ആത്മാവിനകമില്ല ആത്മാവേ ഉള്ളു. മറെറല്ലായിടത്തും ആകാശം കടക്കും. ആത്മാവിനകമില്ലായ്കയാൽ അതിനുള്ളേകടക്കലസാദ്ധ്യം. ഇതുകൊണ്ടാണ് നിശബ്ദം ബ്രഹ്മലക്ഷണമായതു്. ഇതെല്ലാമറിഞ്ഞുറച്ചാൽ ആത്മാവാനാത്മമാത്രനായ് നിലകൊള്ളും. ഇതത്രെ മുക്തനില.

ജ്ഞാനംതന്നെ ഏകമെങ്കിലും അതു് പലവിധ ത്തിൽ പറയപ്പെടുന്നുണ്ടു്. കാണിച്ചുകൊടുക്കുന്ന അഥവാ പറഞ്ഞുകൊടുക്കും വിധേനയുള്ള അറിവു്, പറയാൻ പററാത്ത അറിവു്, അറിയാൻ പററാത്ത അറിവു്. പറഞ്ഞു കൊടുത്തതറിയും വിധേനയുള്ള അറിവ് ഇങ്ങനെ പല വിധമുണ്ടു്. വേദാന്ത വിഹാരികൾ നിതാന്തം പ്രതിപാദി ക്കുന്ന അറിവിനു പ്രധാനമായി രണ്ടു പക്ഷമുണ്ടു് പരോക്ഷ മെന്നും അപരോക്ഷമെന്നും. ആത്മവിദ്യാപരമായി മാത്ര മെടുക്കുമ്പോൾ പരോക്ഷം ശ്രുതിവചനങ്ങളും ഗുരുമൊഴി കളും മററുമാണു്. അപരോക്ഷമെന്നാൽ ഗുരുമൊഴി ശ്രുതി മൊഴി ഇവകൾ സ്വാനുഭവപ്പെട്ടറിയുന്നതാണു്. ലൗകിക ത്തിൽപോലും ഇതതേപടി കാണപ്പെടുന്നുണ്ടു്. രസനാവി ഷയമായ മധുരം എത്രമേൽ വർണ്ണിച്ചാലും ശരിക്കും ഉൾ ക്കൊള്ളുവാൻ പ്രയാസപ്പെടും. നിസ്സാരനിലയിൽ സ്വാനു ഭവം അതിനെ കാട്ടും, അതു നാമറിയും അതുപോലെ ആത്മാനുഭവമറിയുന്നതിനു് ഗുരുമൊഴി ശ്രുതിമൊഴി ഇവ കൾമാത്രം പോരാ സ്വാനുഭവംകൂടിവേണം. ശ്രുതിമൊഴി സിദ്ധാന്തംതരും. ഗുരുമൊഴിയാകട്ടെ അനുഭവസ്വാദുകാട്ടി ആത്മസാക്ഷാത്കാരത്തിലുറപ്പിക്കും. ഇതുകൊണ്ടാണു് ഗുരുനിർദ്ദേശം ആവശ്യമാകുന്നതു്. മുക്തനായിരിക്കുക എന്നതത്രേ ഗുരുവിൻ നിർദ്ദേശം. മുക്തനായിരിക്കലത്രേ ശിഷ്യന്റെ ധർമ്മവും.

ആത്മാവും, അഹമെന്നതും, ഈശ്വരനും, ബ്രഹ്മ വും, ജീവനും ഏകംതന്നെയാണു്.

''ജീവ ഏവ സദാബ്രഹ്മ
സച്ചിദാനന്ദമസ്മ്യഹം
സ്വയം ബ്രഹ്മ ന സന്ദേഹ
സാത്മാദന്യന്യകിഞ്ചന''

''ഞാനെന്നതൻപോടിഹനീയതെന്നും
നീതന്നെ ഞാനെന്നുമുരച്ചുപിന്നെ
ഞാനായതെന്നുള്ളതുംമിഥ്യയാക്കി
മൗനത്തിനും വീഴ്ച പറഞ്ഞുതള്ളി
മൗനത്തിനങ്ങേ പുറമായതത്രേ
ഞാനെന്നുറപ്പാനരുചെയ്തനാഥ.''
''അഹം ബ്രഹ്മേതിനിശ്ചിത്യ
അഹംഭാവം പരിത്യജ''

ഇപ്രകാരമുള്ള ശ്രുതിമൊഴികൾ സാക്ഷാത്കരിച്ചെടുക്കാൻ തന്നിരിക്കുന്നതു് സാദ്ധ്യമാക്കി എടുക്കുന്നില്ലെങ്കിൽ ഇതു് വൃഥാവാചകങ്ങളെന്നുവരും. അങ്ങനെ ജിജ്ഞാസു വരുത്തരുതു്. അങ്ങനെയുള്ളവർ ഉത്തമജിജ്ഞാസു തന്നെയായി തീരും.

അനുഭവനിലയിൽ അതിമനോഹരം അഖണ്ഡൈകരസം സഹജാവസ്ഥയിലാക്കി എടുക്കലാണ്. ഇവിടെ സമാധി നിർവികല്പത്തിലേ നിർവാസനാസമാധി ആണു്. കിടന്നവനെഴുന്നേൽക്കുവാൻ തോന്നായ്കകൊണ്ടു് എഴുന്നേല്ക്കാതെയും എണീററാൽ നടക്കാൻ തോന്നായ്കയാൽ നടക്കാതെയും കൊച്ചുകുഞ്ഞിനെ ഗാഢനിദ്രയിൽ നിന്നുമെടുത്തു പാലുകൊടുക്കുമ്പോൾ, കൊടുക്കുന്നുവെന്നറിയാതെ കുടിച്ചും, കുടിക്കുന്നു എന്നറിയാതെ ആഹരിച്ചും, ഇരുത്തിയാൽ ഇരിക്കാൻ വയ്യാതെ ചടഞ്ഞു വീണുകിടന്നും മനസില്ലാതെ നിലകൊള്ളുംപോലെ ആത്മവാനനുഭവപ്പെടുന്നതുകാണാം. ആ സമയത്തു് ആത്മവാനുണ്ടാകുന്ന കുളിർമ്മാനുഭവവും ആനന്ദവും അവർണ്ണനീയമാണു്. പ്രാപഞ്ചികൻ മായാമഹാർണ്ണവത്തിൽ കുഴഞ്ഞും കരഞ്ഞും കരകാണാൻ തുഴയുന്നുവെങ്കിൽ ആത്മവാൻ ബ്രഹ്മാർണ്ണവത്തിൽ ആനന്ദിച്ചു പുളഞ്ഞും കളിച്ചു കരയില്ലാർണ്ണവത്തിൽ താനായാനന്ദിക്കും. ഇതത്രേ മുക്തനില.

അല്പം ചില വേദാന്തവചസ്സുകൾ ഞാൻ നിങ്ങളുടെ നിതാന്താവലോകനത്തിന് ഇവിടെ നിരത്താം. ശ്രദ്ധിക്കുക.

''അത്രൂപ നഷ്ടചിത്താസ്യ
രഖണ്ഡൈക രസാത്മവാൻ
വിദേഹമുക്ത സംപ്രോക്ത
സർവവിസ്മൃതിമത്വത:
ബാലോന്മത്ത പിശാചാദി
ചര്യാവാൻ യോഗിനാംവര:
സർവ താപവിനിർമുക്തോ
വിദേഹോമുക്ത ഏവസാ
യഥാ ബധിര മൂകാന്ധ
പംഗുംഷണ്ഡാദയസ്ഥിതാ:
തഥാനിര്ിന്ദ്രിയോ വിദ്വാൻ
വിദേഹോമുക്ത ഏവസ:

ഇത് തൽക്കാലമൊന്നു നിർത്താം. ഗീതകൾ മിക്കതും ഗുരുമൊഴികളാണ്. ഉപനിഷത്തുകളും ഗുരുശിഷ്യ സംവാദനരൂപത്തിൽ സിദ്ധാന്തം ഗുരുമൊഴിയാക്കി ചെയ്തിരിക്കയാണ്. ഇതിന്റെ അവലോകനം ധാരണ-ധ്യാനം, സമാധി ഇവകൾക്കത്യാവശ്യമാണ്-പ്രത്യാഹാരംപോലും ഇതുകൊണ്ടു് അതായത്ു് ശാസ്ത്രാവലോകനം കൊണ്ടു് പുഷ്ടിപ്പെടുന്നുണ്ടു്. ആകകൊണ്ട് മററു ചില സിദ്ധാന്തം കാട്ടി അവലോകന വിഷയം തരാം.

''മത്തോവിനിർഗതം വിശ്വം
മയ്യേവലയമേഷ്യതി
മൃദികുംഭോജലേവീചി:
കനകേകടകം യഥാ''

''അഹോ അഹോ നമോമൃഹം
വിനശോയസ്യനാസ്തിമേ
ബ്രഹ്മാദിസ്തംബപര്യന്തം
ജഗന്നാശേ ƒ പിതിഷ്ടത:''
''യസ്യബോധോദയേ താവത്
സ്വപ്നവത്ഭവതിഭ്രമ:
തസ്മൈ സുഖൈകരൂപായ
നമ: ശാന്തായ തേജസേ''
''നിഷ്പാപ പാപദഹനോഹി
ഹുതാശനോƒഹമ്
നിർധർമ ധർമ ദഹനോഹി
ഗുതാശനോƒഹമ്
ജ്ഞാനാമൃതം സമരസം
ഗഗനോപമോഹമ്

ഓം

ബോധവിഹായസിൽ ശ്രദ്ധിച്ചാൽ ഇനിയും ഇനിയും അനവധി പറവകൾ പറന്നുചുററുന്നതു കാണാം. അതിൽ ചിലതുകൂടി യഥാജ്ഞാനം വിവരിക്കാം.

സദ്യോവിദേഹ കൈവല്ല്യമെന്നും, വിദേഹാവസ്ഥ എന്നും, ജീവൻ മുക്താവസ്ഥ എന്നും മൂന്നുതരത്തിൽ മുക്തി കാട്ടിത്തരുന്നു. സദ്യോവിദേഹകൈവല്ല്യം ഉഗ്രമായ കൊല്ല്യാൻമിന്നുമ്പോഴം വെട്ടിമാറും പോലെ, ഇതിന്റെ അനുഭവപ്രഭ പകരാൻ വയ്യാതെ പറയാൻ വയ്യാതെ പിൻവാങ്ങുകയാണേവരും. അതേ- തനി മുക്തിയെ ആരറിയും ആരുവിവരിക്കും.

ജീവൻ മുക്തനിലേക്കു ചെന്നാൽ അതിനെ ശ്രീരാമചന്ദ്രന്റെ നാവിൽക്കൂടി ശ്രീ വാത്മീകി വിവരിക്കുന്നതു കാണുക.

സത്യത്വംന ദൃഢംയസ്യ
ന സത്യത്വം ജഗത്യപി
തടസ്ഥജ്ഞാനവാൻമർത്ത്യ
സ ജീവൻമുക്ത ഇഷ്യതേ
സരൂപ നഷ്ട ചിത്തസ്യ
രഖണ്ഡാകാരവൃത്തിമാൻ
ജീവൻ മുക്ത ഇതി പ്രോക്ത
സർവ്വമിഥ്യാത്വ നിശ്ചയാൽ

ബ്രഹ്മംസത്യം ജഗത്മിഥ്യ എന്ന പരപൊരുൾ ദൃഢമായിട്ടില്ലെങ്കിലും അതായത്ു് സത്യം ബ്രഹ്മം മാത്രമാണെന്നു ദൃഢമായിട്ട കിട്ടിയില്ലെങ്കിലും സത്യത്വം ജഗത്തിനില്ലെന്നറിഞ്ഞു നിലകൊള്ളുന്നവൻ ജീവൻ മുക്തനാണ്.

സമാധിയിൽ. സ്വാനുഭൂതി ഭവിച്ചെങ്കിലും നിവൃത്താവസ്ഥയിൽ ജീവസ്മരണ നിലനിൽക്കുന്നുണ്ടെങ്കിൽ അയാളം ജീവൻ മുക്തനെന്നറിയണം.

രൂപാവലോകനം നിലച്ച് മഹാകാശ വടിവാന്ന് അഖണ്ഡാകാരവൃത്തിമാനായി തീന്നവനെ, സർവ്വം മിഥ്യയെന്നു നിശ്ചയിച്ചുറച്ച ആളിനെ ജീവൻ മുക്തനെന്നറിഞ്ഞാലും.

എന്നാൽ

''അരൂപ നഷ്ടചിത്താസ്യ
രഖണ്ഡൈകരസാത്മവാൻ
വിദേഹമുക്തസംപ്രോക്ത
സർവ്വവിസ്മൃതിമത്വത:''

ജീവൻ മുക്തനിലെ സരൂപനഷ്ട ചിത്താസ്യവും വിദേഹമുക്തനിലെ അരൂപനഷ്ടചിത്താസ്യ പ്രയോഗവും ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല ജീവൻ മുക്തനിൽ

സർവ്വമിഥ്യാത്വനിശ്ചയവും വിദേഹനിൽ സർവ്വവിസ്മൃതി യുമാണ് പറയുന്നതു്. ഇവ ഇതുകളെ വേർതിരിച്ചു കാട്ടുന്ന പ്രത്യേകതകളാണ്. വിശേഷതകളാണ്. ഇതിന്റെ അർത്ഥം ഇവ തമ്മിലുള്ള വ്യത്യാസത്തെ കുറിക്കും കാട്ടി നമുക്കു പാഠം തരുന്നു.

ഇതുകൊണ്ടു വ്യക്തമാകുന്നില്ലെങ്കിൽ വ്യക്തമായി മനസിലാകുന്നതിലേക്ക് അതിമനോഹരങ്ങളായ ഉപമകൾ കാട്ടിത്തരുന്നതു പഠിക്കുക.

''യസ്യവർണ്ണാശ്രമാചാര
സുപ്തഹസ്തസ്ഥ പുഷ്പവൽ
ഗളിതസ്വയമേവാത്ര
വിദേഹമുക്ത ഏവസ:''

വർണ്ണം ആശ്രമം ആചാരം മുതലായ വ്യാവഹാരിക ബാദ്ധ്യതകൾ ഉറങ്ങിക്കിടക്കുന്നവന്റെ കയ്യിലിരിക്കുന്ന പുഷ്പം അവനറിയാതെ പോകുംപോലെ വിദേഹനും അവനറിയാതെ വ്യാവഹാരികമായതെല്ലാം പൊയ്പോകും. ഇതു് വിദേഹമുക്തന്റെ ലക്ഷണം കാട്ടാനാണ്. എന്നാൽ ജീവൻ മുക്താവസ്ഥ കാട്ടുവാൻ പറയുന്നതും പഠിക്കാം.

യജ്ജന്മനാശവിനിഹന്തൃസമസ്തശോക
മോഹാദി നാശകരമാത്മ സുഖൈകബീജം
സർവ്വശ്രുതിസ്മൃതിപുരാണവച: പ്രസിദ്ധം
ജീവദ്വിമുക്തി പദമത്ര സുദുർലഭംസ്യാൽ
ബാഹ്യാന്തരാഖിലവികാര വിലാപനേന
ശിഷ്ടേപരത്രവിഗുണേ പരിപൂർണ്ണബോധേ
സൽബ്രഹ്മണിസ്ഥിരമനാ: പവനാത്മജത്വം
ജീവദ്വിമുക്തിപദമത്രലഭസ്വശീഘ്രം.

ജന്മനാശത്തെ ചെയ്യുന്ന ഹന്താവും സമസ്തശോക മോഹാദിനാശകരനും ആത്മസുഖൈകബീജവും, സർവ ശ്രുതി, സ്മൃതി, പുരാണവചപ്രസിദ്ധവുമായ ജീവന്മുക്തി പദം എത്ര സുദുർലഭമാണ്.

ബാഹ്യാഭ്യന്തരാഖില വികാരങ്ങളുടേയും വിപുല പ്രപഞ്ചത്തെ വലിച്ചെറിഞ്ഞു് കളഞ്ഞതിനുശേഷം, ശിഷ്ടമായി ശ്രേഷ്ഠമായി നിർഗുണമായി പരിപൂർണ്ണബോധത്തിൽ സത് ബ്രഹ്മത്തിൽ സ്ഥിരമായി മനസിനെ നിലനിർത്തി ജീവന്മുക്തി പദത്തെ അതിവേഗം പ്രാപിക്കുക. ഇനിയും നമുക്കു് സ്ഥൂലസൂക്ഷ്മകാരണ ശരീരങ്ങളെ അല്പം മനസിലാക്കാം.

സമഷ്ടിയിലെ സ്ഥൂലം ജഗത്തും വ്യഷ്ടിയിലെ സ്ഥൂലം ദേഹവുമാണ്. പരമാത്മാവും ജീവാത്മാവും ഇതിൻെറ ആധാരതലവന്മാരാണ്. സൂക്ഷ്മശരീരം പ്രാണപ്രധാനമാണ്. ഇന്ദ്രിയങ്ങൾ പ്രാണൻ മനസ് ജീവാത്മ ഇവയാണിതിൻെറ ഘടകങ്ങൾ. മുൻപറഞ്ഞ സ്ഥൂലപിണ്ഡദേഹത്തെയും ഇതുതന്നെ നിയന്ത്രിക്കുന്ന ആഹവനീയാഗ്നി എന്നു പറയുന്ന മൂലാധാരൈകനിലയായ ഒരഗ്നി മനുഷ്യശരീരത്തിലുണ്ടു്. അതിനെ കണക്കിലെടുത്താണ് യജ്ഞങ്ങൾ പടുത്തുയർത്തിയിരിക്കുന്നതു്. ഇതു് നാലുദളത്തോടുകൂടിയതെന്നു് അറിയപ്പെടുന്നു. ഈ അഗ്നിതന്നെ വിശ്വത്തെ ചെയ്യുകയാൽ വൈശ്വാനരനെന്നും പറയപ്പെടുന്നു. ഇതു് ജഠരത്തെ പ്രവേശിച്ച് പചന ക്രിയ ചെയ്യുമ്പോൾ ജഠരാഗ്നി ആകുന്നു. ഈ ജഠരാഗ്നി ഘനപദാർത്ഥ പചനത്തിൽ അതിൻെറ അതിപ്രധാന പരമാണുഘടകം മനസിനെ പുഷ്ടിപ്പെടുത്തുന്നു. അതുപോലെ ദ്രവപദാർത്ഥപചനേ അതിൻെറ അണുഘടകംകൊണ്ടു് പ്രാണപുഷ്ടിയേയും ചെയ്തു് പഞ്ചഭൂതങ്ങളെ വെവ്വേറെ നിറുത്തുന്നു. ആയതുപോലെ അഗ്നിയുടെ ഊർജ്ജവിഭാഗം വായുവായും സർവ്വവ്യാപകവിഭാഗം ആകാശമായും നില നിൽക്കുകയാലത്രെ അഗ്നിക്കുള്ള പ്രാധാന്യം. ഇതവിടെ നിൽക്കട്ടെ.

''മന ആദിചതുർദ്ദശകരണൈഃ
പുഷ്കലൈരാദിത്യാദ്യനുഗ്രഹീതൈ
ശ്ശബ്ദാദീവിഷയാൻ സ്ഥൂലാൻ
യദോപലഭതേതദാത്മനോ ജാഗരണം
തദ്വാസനാമയാംച് ശബ്ദാദീം
സ്ഥാല്ലാലികാൻ പ്രതിഭാസമാനാ
ന്യദോപലഭതേ തദാസ്വപ്നം
ചതുർദ്ദശകരണോ പരമാദ്വിശേഷ
വിജ്ഞാനഭാവാദ്യദാശബ്ദാദീവി
ഷയാന്നോപലഭതേതദാത്മനസുഷുപ്തം''

ഇതു നമ്മേ മനസിലാക്കുന്നതു് സ്ഥൂലശരീര വിള യാട്ടം ജാഗ്രത്തും സൂക്ഷ്മശരീര പ്രതിഭാസം സ്വപ്നവും കാരണ ശരീരനില സുഷുപ്തിയുമാണെന്നാണെല്ലോ. അതായതു് സൂര്യൻ മുതലായ ദേവതകളാൽ അനുഗ്രഹീതവും പൂർണ്ണമായുള്ളതും ഇന്ദ്രിയങ്ങളഞ്ചും പ്രാണനഞ്ചും അന്തക്കരണങ്ങൾ നാലും ചേർന്ന കരണങ്ങളാൽശബ്ദാദിവിഷയങ്ങൾ എപ്പോൾ ഉൾക്കൊള്ളുന്നുവോ അതു് ജാഗ്രത്തും, വാസനാമയമായ കരണങ്ങളാൽ ഭുജിക്കപ്പെടുമ്പോൾ സ്വപ്നവും പതിന്നാലുകരണങ്ങളും പ്രത്യാഹരിക്കപ്പെട്ടു് അനുഭവജ്ഞാനമില്ലാതെ ശബ്ദാദിവിഷയങ്ങളറിയാതെയിരിക്കും ആത്മാവിൻെറ അവസ്ഥയെ സുഷുപ്തിയവസ്ഥ എന്നും പറപ്പെടുന്നു.

ഇനിയും നമുക്കു മറെറാരു വശം കൂടി കാണാം. ജാഗ്രത് സ്വപ്നസുഷുപ്തി തുരീയം തുര്യാതീതം ഇവകളും ഇവകളുടെ പ്രതിഭാസങ്ങളും.

ജ്ഞാനത്തിൻെറ ഏററവും പ്രധാന പടവുകളിൽ ചിലതാണിവ. നിർവ്വാസനാസമാധിപോലെ അവർണ്ണനീയമത്രേ ഇതിൻെറ അനുഭവപാഠങ്ങൾ. ജാഗ്രത്തും സ്വപ്നവും വ്യവഹാരത്തിലും വളരെയധികം വിവരിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ സുഷുപ്തി മുതൽ അവ്യക്തമാണു് മുതലെടുക്കുന്നതു്.

സുഷുപ്തി തുരീയം തുര്യാതീതം ഇവകളുടെ വിവരണംപോലും ഒരുവനെ ആത്മാനുഭവത്തിലേക്കു പ്രയാണം ചെയ്യാൻ സഹായിക്കുന്നതാണ്.

ഇവിടെ നമുക്കിവയെ ശരിക്കും വിശകലനംചെയ്തു പഠിക്കാം.

''ജാഗരിതസ്ഥാനോബഹിപ്രജ്ഞ:
സപ്താംഗഏകോനവിംശതിമുഖ:
സ്ഥൂലഭുക്‌വൈശ്വാനര: പ്രഥമ: പാദ:''

ജാഗ്രത്തിനെ പ്രതിപാദിക്കുന്ന ഈ ഭാഗ്യം സുവ്യക്തമാണെല്ലോ.

''സ്വപ്നസ്ഥാനോന്ത: പ്രജ്ഞ: സപ്താംഗ
ഏകോനവിംശതിമുഖ: പ്രവിക്തഭുക്
തൈജസോ ദ്വിതീയപാദ:

ജാഗ്രത്തിലെ ബഹിപ്രജ്ഞന്റെ സ്ഥാനത്തു് സ്വപ്നം അന്ത: പ്രജ്ഞനെയാണു കാട്ടുന്നതു്. അതിനുപുറമേ മനോജന്യങ്ങളായ സൂക്ഷ്മ വിഷയഭുക്കായിട്ടത്രെ നിലകൊള്ളുന്നതു്. രണ്ടിടത്തും ആത്മാവിന്റെ ഓരോ പാദങ്ങളെയാണ് വിവരിക്കുന്നതു്. മൂന്നാംപാദം സുഷുപ്താവസ്ഥയാണ്.

''യത്രസുപ്താനകംചനകാമകാമയതേ
നകംചനസ്വപ്നംപശ്യതിതത് സുഷുപ്തം
സുഷുപ്തസ്ഥാന ഏകീഭൂതപ്രജ്ഞാനഘന
ഏവാനന്ദമയോഹ്യാനന്ദഭുക്ചേതോമുഖ:
പ്രാജ്ഞസ്തൃതീയഃ പാദ:

ഇവിടെ യാതൊരാഗ്രഹവും ആഗ്രഹിക്കാതിരിക്ക എന്ന ജാഗ്രത് ധർമ്മനിഷേധവും യാതൊരു സ്വപ്നവും കാണാതിരിക്ക എന്ന സ്വപ്നനിഷേധവും പറഞ്ഞതു്

സുഷുപ്തന്റെ പ്രത്യേകതകളെ വിവരിക്കലാണ് ശ്രുതി ചെയ്യുന്നതു്.

അടുത്തതായി നിദ്രാധിപതിയായിരിക്കുന്ന ഈ ആത്മാതന്നെയാണ്; –

''ഏഷസർവേശ്വര ഏഷസർവ്വജ്ഞ
ഏഷോഽന്തര്യാമ്യേഷയോനി:
സർവസ്യപ്രഭവാപ്യയൗഹിഭൂതാനാം.''

ഈ അധികവിവരണത്തെയും ശ്രുതിനൽകിയി ട്ടു് അതു് ആത്മാവിന്റെ തുര്യാവസ്ഥ വിവരിക്കലായി.

''നാന്ത:പ്രജ്ഞം നബഹി:പ്രജ്ഞംനോഭ
യത:പ്രജ്ഞംന പ്രജ്ഞാനഘനം
നപ്രജ്ഞംനാ പ്രജ്ഞം-അദൃശ്യ
മവ്യവഹാര്യാമഗ്രാഹ്യ മലക്ഷണ
മചിന്ത്യമവ്യപദേശ്യമേകാത്മ
പ്രത്യയസാരം പ്രപഞ്ചോപശമം
ശാന്തംശിവമദ്വൈതം ചതുർഥം
മന്യന്തേ: സ ആത്മസവിജ്ഞേയ:''

സൂര്യരശ്മിയെ ഒരു വർണ്ണരാജിയിൽ കൂടി കടത്തി വിട്ടാൽ അതു് സപ്തവർണ്ണമായി മാറിക്കാണുന്നു. നീല മാണു് പ്രകാശരശ്മി, മഞ്ഞയാണു് പ്രകാശരശ്മി എന്നു പറയാറില്ല. ആയതുപോലെ ജാഗ്രത്താണു സത്യാവസ്ഥ, സ്വപ്നമാണു സത്യം, സുഷുപ്തിയാണു പൂർണ്ണം എന്നെ ങ്ങും ആരും പറയുകയില്ല. എന്നാൽ സപ്തവർണ്ണങ്ങളു ടേയും ഉറവിടമായ സർവകാരണ രശ്മിയെ പ്രകാശരശ്മി എന്നുറപ്പാക്കും. ആയപോൽ സർവാവസ്ഥാകാരണനായ തുരീയം നാലാം പാദവും ആത്മപ്രകാശ പൂർണ്ണവുമാണ്.

എന്നാൽ ശ്രീരാമചന്ദ്രൻ തൻെറ പ്രിയ ശിഷ്യനു വേണ്ടി പതിനാറു മാത്രയാക്കി ഇതിനെ ഈ നാലുമാത്രയെ വിശകലനം ചെയ്തു വിശദമാക്കികാട്ടുന്നുണ്ട്.

''ഇദം മമേതിസർവ്വേഷു
ദൃശ്യഭാവേസ്വഭാവനാ
ജാഗ്രജ്ജാഗ്രദിതിപ്രാഹു
ർമ്മഹാന്തോവായുനന്ദന.''

ഇതു് തനിജാഗ്രത്തിൻെറ ലക്ഷണമാണ്. ഇതു് സമാധി വിഷയമാകുന്നില്ല.

''വിദിത്വാസച്ചിദാനന്ദേ
മയിദൃശ്യംപരം പരാം
നാമരൂപ പരിത്യാഗോ
ജാഗ്രൽ സ്വപ്ന ഇതീര്യതേ.''

ഇവിടെ ജാഗ്രൽ സ്വപ്നം കടന്നുവരുന്നുണ്ട്. ഇതിൻെറ പ്രത്യേകതയെന്തെന്നു കാണാം. ഇതിലാദ്യത്തേതിൽ ഈ കാണും ജഗത്തൊട്ടുമേ തൻേറതല്ല തനിക്കതിൽ കാര്യമില്ലെന്നു ചിന്തിച്ചു കഴിയുന്നവസ്ഥ ജാഗ്രജാഗ്രത്തും എന്നാൽ രണ്ടാമത്തെതാകട്ടെ സച്ചിദാനന്ദരൂപിയാകും ആത്മാവിൽ ജഗത്തിൻെറ കാരണത്തെ അറിഞ്ഞിട്ട് നാമം രൂപം മുതലായവയെ പരിത്യജിച്ചു നിലകൊൾകിൽ അതു് ജാഗ്രത് സ്വപ്നമെന്നു പറയപ്പെടുന്നു.

''പരിപൂർണ്ണ ചിദാകാശേ
മയിബോധാത്മനാംവിനാ
നകിഞ്ചിദന്യദസ്ഥീതി
ജാഗ്രൽസുപ്തി സമീര്യതേ''
''സ്ഥൂലാദിത്രിവിധേബീജേ
പ്യനഷ്ടേതത്രയേ ഭവേൽ
മിത്ഥ്യാത്വ നിശ്ചയസ്സമ്യക്
സജാഗ്രത്തുര്യമീര്യതേ.''

പരിപൂർണ്ണചിദാകാശമായ എന്നിൽ ബോധമല്ലാതെ മററൊന്നുമോട്ടപോലുമേ ഇല്ലെന്നു് അറിഞ്ഞു നില കൊള്ളുമവസ്ഥയ്ക്കു് ജാഗ്രൽ സുപ്തി എന്നു പറയപ്പെടുന്നു.

സ്ഥൂലസൂക്ഷ്മം കാരണം എന്ന തരത്തിൽ പറയപ്പെടുന്ന കാരണങ്ങൾ മൂന്നും നശിച്ചില്ലെന്നുവരികിലും മിഥ്യയെന്നുറപ്പായാൽ ആ ആളിന്റെ അവസ്ഥയെ ജാഗ്രൽ തുര്യമെന്നു പറയും.

''സ്ഥൂലാജ്ഞാനവിനാശേപി
കാരണാഭാസചേഷ്ടിതൈ:
ബന്ധോനമേതി സ്വല്പോപി
സ്വപ്നജാഗ്രദിതീര്യതേ''

സ്ഥൂലാജ്ഞാന നാശത്തിനുശേഷം, സൂക്ഷ്മ കാരണങ്ങൾക്കു വന്നുചേർന്നിരിക്കുന്ന ചേഷ്ടിതങ്ങളാൽ തനിക്കു യാതൊരു ബന്ധവുമുണ്ടാകയില്ലെന്നുറപ്പാകിൽ ആ അവസ്ഥയെ സ്വപ്നജാഗ്രമെന്നു ചൊന്നീടും.

''കാരണാജ്ഞാനനാശാദ്യ
ദ്രഷ്ടുദർശനദൃശ്യതാ
ന കാര്യമസ്തിവിജ്ഞാനം
സ്വപ്ന സ്വപ്നസ്സമീര്യതേ.''

കാരണാജ്ഞാനനാശം വന്നുചേരുകകൊണ്ടു് ദ്രഷ്ടാ ദർശനംദൃശ്യം മുതലായ കാര്യ സംഘാതമില്ലാത്തതാണെന്നുള്ള വിജ്ഞാനം ഉള്ളവന്റെ അവസ്ഥയെ സ്വപ്ന സ്വപ്നമെന്നു പറയപ്പെടുന്നു.

''അതിസൂക്ഷ്മവിമർശേന
സ്വധീവൃത്തിരചഞ്ചലാ
വലീയതേയഥാബോധേ
സ്വപ്നസുപ്തിരിതീര്യതേ.''

വളരെ ശ്രേഷ്ടമായ സൂക്ഷ്മ വിമർശനം കൊണ്ട് തൻെറ ബുദ്ധിവൃത്തി അചഞ്ചലയായി തീർന്നിട്ട് തന്നി ബോധേലയിച്ചെന്നാൽ സ്വപ്നസുപ്തിയായീടും.

''ആനന്ദാനുഭവേ പ്രാപ്തേ
പ്യഖണ്ഡസ്ഥിത്യലോപത:
സഹജാനന്ദഹാനിസ്സാ
സ്വപ്നതുര്യമിതീര്യതേ.''

ആനന്ദാനുഭവപ്രാപ്തിയുണ്ടെങ്കിലും സഹജാവസ്ഥയുടെ ലോപതകൊണ്ട് ഈ അനുഭവത്തെ സ്വപ്നതുര്യം എന്നു പറയുന്നു.

''ചിന്മയാകാരമഥയോ
ധീവൃത്തിപ്രസരൈർഗ്ഗത:
ആനന്ദാനു ഭവസ്വീയ
സുപ്തി ജാഗ്രദിതീര്യതേ.''

ബുദ്ധിവൃത്തി പ്രസരത്തിനു് ചിന്മയാകാരം വന്നു ചേർന്നാൽ അവിടെ അറിയപ്പെടുന്ന ആനന്ദാവസ്ഥയെ സുപ്തിജാഗ്രത്തെന്നറിയുക.

''വൃത്തൗ ചിരാനു ഭൂതാന്ത
രാനന്ദാനുഭവസ്ഥിതൗ
സമാത്മനാം യോയാതേ്യഷ
സുപ്തിസ്വപ്നസമീര്യതേ''

വൃത്തികൊണ്ടു വളരെനാളായനുഭവിച്ചുകൊണ്ടിരിക്കുന്ന ഉത്തമമായ ആനന്ദത്തെ അനുഭവിച്ച് നിലകൊള്ളുന്നേരം സമനിലയായ ആത്മനിലയെ പ്രാപിച്ചാൽ ആയതിനെ സുപ്തിസ്വപ്നം എന്നുപറയും.

''ദൃശ്യധീവൃത്തിരീശസ്യ
കേവലീഭാവഭാവനാ
പരംബോധൈകതാവപ്തി
സുപ്തിസുപ്തിസമീര്യതേ''

ബുദ്ധിവൃത്തി നാശാനന്തരം കേവലഭാവത്തിൽ നിലകൊള്ളുന്ന അഖണ്ഡൈകരസ ഭാവനയെതന്നെ സുഷുപ്തി സുഷുപ്തി എന്നുപറയും.

''അഖണ്ഡൈകരസസ്ഫൂർത്തിർ
ഭാവനാ നിരപേക്ഷയാ
സ്വയമാവിർ ഭവേദ്യത്ര
സുഷുപ്തിതുര്യം സമീര്യതേ''

ഈ അഖണ്ഡൈകരസം ഭാവന ചെയ്യാതെപോലും സ്വയം ആവിർഭവിക്കുന്നുവെങ്കിൽ ആ അവസ്ഥയ്ക്ക് സുഷുപ്തിതുര്യമെന്നറിഞ്ഞാവും

''രസാനുഭൂതിർ പൂർവോക്തോ
സഹജായസ്യ ജാഗ്രതി
തദവസ്ഥാകപിശ്രേഷ്ഠാ
തുര്യജാഗ്രതിദീര്യതേ''

സുഷുപ്തിതുര്യേകിട്ടുന്ന രസാനുഭൂതി സഹജമായി ജാഗ്രദാവസ്ഥയിൽ കിട്ടുമ്പോഴം ആ അവസ്ഥയെ തുര്യജാഗ്രത്തെന്നു ചൊല്ലീടും.

''സ്വാനുഭൂതിർ ഭവേദസ്യ
സ്വപ്നേപി സഹജാസദാ
ദുർല്ലഭ തദവസ്ഥാസാ
തുര്യസ്വപ്നസമീര്യത്യേ''

അഖണ്ഡൈകരസാനുഭൂതി എപ്പോഴും സ്വപ്നത്തിലും സഹജമായിട്ടുകിട്ടുന്നുവെങ്കിൽ ആ അവസ്ഥയെ തുര്യസ്വപ്നമെന്നു പറയപ്പെടുന്നു.

''സുഷുപ്താവപിവിഷ്പൂർത്തി
രഖണ്ഡൈകരസസ്യചേൽ
സുദുർലഭാത്തു സാവസ്ഥാ
തുര്യസുപ്തിസമീര്യതേ''

അഖണ്ഡൈകരസം സുഷുപ്തിയിൽ കണ്ടെത്തുക എന്നതു വളരെ പ്രയാസം തന്നെയാണ്. അപ്രകാരം പ്രയാസമെങ്കിലും സിദ്ധിക്കുന്നുവെങ്കിൽ അതിനെ തുര്യസുപ്തി എന്നുപറയും.

''അഖണ്ഡൈകരസോയത്ര
ലീന:കതകരേണുവൽ
അരൂപഗോചരാവസ്ഥാ
തുര്യതുര്യമിതീര്യതേ''

അഖണ്ഡൈകരസം തേററാമ്പരൽ പൊടിപോലെ ഏതൊരിടത്തിൽ അലിഞ്ഞു നിശ്ശേഷം ചേരുന്നുവോ അപ്രകാരമുള്ള ആ അരൂപഗോചരാവസ്ഥയെ തുര്യതുരമെന്നോതുന്നു മഹത്തുക്കൾ.

എൻെറ ഇളയ സഹോദരങ്ങൾക്ക് അനു
ഭവജ്ഞാനമറിവാനായി ഇത്രയും
പറഞ്ഞുവെന്നേ ഉള്ളു. അത
വരും നിങ്ങളും ഏവരും
മനസ്സിരുത്തി പഠി
ച്ചാൽ വിജ
യം സുല
ഭം.

ഓം